

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ:
കെ.എസ്.എ.കെ.എൽ.എം.പി.7/2071/25

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 31/10/2025
ഇ-മെയിൽ:
doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച് ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: തീയ്യതി: 31/10/2025
കെ.എസ്.എ.കെ.എൽ.എം.പി.7/2071/25

കൊല്ലം ജില്ലയിലെ ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 03-10-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. മണിലാൽ വി	ഡെപ്യൂട്ടി ഡയറക്ടർ	22-09-2025	03-10-2025

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
22-09-2025	03-10-2025

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി. ശ്രീകുമാരി.റ്റി, എ.ഒ(ഹ.ഗ്രേ.)
ശ്രീ.ശ്രീരാജ് വി.ജി, അസി.ഓഡിറ്റ് ഓഫീസർ,
ശ്രീ.രതീഷ്.കെ, അസി.ഓഡിറ്റ് ഓഫീസർ,
ശ്രീമതി.ജൂഡിറ്റ് വർഗീസ്.എൻ, അസി.ഓഡിറ്റ് ഓഫീസർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി.രാജി ജേക്കബ്	പ്രസിഡന്റ്	01-04-2024	23-08-2024
ശ്രീ.എസ്.ഡി.അഭിലാഷ്	പ്രസിഡന്റ്	24-08-2024	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.വിജയൻ.എം	സെക്രട്ടറി	01-04-2024	07-01-2025
ശ്രീമതി.ഷീജാമോൾ.എൻ.ആർ	സെക്രട്ടറി	07-01-2025	03-02-2025
ശ്രീ.അജിത്.എച്ച്	അസി.സെക്രട്ടറി(ചാർജ്	03-02-2025	05-03-2025
ശ്രീമതി.ഷീജാമോൾ.എൻ.ആർ	സെക്രട്ടറി	06-03-2025	31-03-2025
ശ്രീ.ശശികുമാർ.കെ	അസി.സെക്രട്ടറി	01-04-2024	31-05-2024
ശ്രീ.അജിത്.എച്ച്	അസി.സെക്രട്ടറി	01-06-2024	01-07-2024
ശ്രീമതി.ലക്ഷ്മി.ഡി	അസി.സെക്രട്ടറി	01-07-2024	13-09-2024
ശ്രീ.അജിത്.എച്ച്	അസി.സെക്രട്ടറി	13-09-2024	31-03-2025
ശ്രീമതി.നസിയഷെരീഫ്	കൃഷ്ഠി ഓഫീസർ	01-04-2024	20-12-2024
ശ്രീമതി.അഞ്ജുവിജയൻ	കൃഷ്ഠി ഓഫീസർ	21-12-2024	31-03-2025
ശ്രീ.അനീഷ് ബഷീർ	വെറ്റിനറി സർജൻ	01-04-2024	31-03-2025
ഡോ.സ്മിത.ബി	മെഡിക്കൽഓഫീസർ പി.എച്ച്.സി	01-04-2024	21-12-2024
ഡോ.നിസ.ബി	മെഡിക്കൽഓഫീസർ പി.എച്ച്.സി	22-12-2024	09-02-2025
ഡോ.സ്മിത.ബി	മെഡിക്കൽഓഫീസർ പി.എച്ച്.സി	10-02-2025	31-03-2025
ഡോ.രാജി	മെഡിക്കൽഓഫീസർ ഹോമിയോ	01-04-2024	31-03-2025
ശ്രീമതി.നിഷ	സബ്ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്	01-04-2024	31-03-2025
ശ്രീമതി.ആരതികൃഷ്ണ.ജി.ആർ	വി.ഇ.ഒ	01-04-2024	31-03-2025
ശ്രീ.രാജേഷ്.ആർ	വി.ഇ.ഒ	01-04-2024	31-03-2025
ശ്രീമതി.രമ്യ.ആർ	ഐ.സി.ഡി.എസ് സൂപ്പർവൈസർ	01-04-2024	31-03-2025
ശ്രീമതി.കാർത്തിക.എൽ.ആർ	അസി.എഞ്ചിനീയർ	01-04-2024	21-05-2024
ശ്രീ.മിറാഷ്.എ	അസി.എഞ്ചിനീയർ	22-05-2024	20-06-2024
ശ്രീമതി.കാർത്തിക.എൽ.ആർ	അസി.എഞ്ചിനീയർ	21-06-2024	06-12-2024
ശ്രീമതി.രശ്മി.പി.എസ്	അസി.എഞ്ചിനീയർ	07-11-2024	21-12-2024
ശ്രീ.റസീഫ്.എം	അസി.എഞ്ചിനീയർ	21-12-2024	31-12-2024
ശ്രീമതി.ശ്രീഷ്മ.വി	അസി.എഞ്ചിനീയർ	01-01-2025	02-01-2025
ശ്രീ.റസീഫ്.എം	അസി.എഞ്ചിനീയർ	02-01-2025	31-03-2025
ശ്രീ.സാബു.പി.കെ	ഹെഡ്മിസ്ട്രസ്	01-04-2024	23-06-2024

ശ്രീമതി.ശ്രീദേവിയമ്മ	ഹെഡ്മിസ്ട്രസ്	24-06-2024	31-03-2025
ശ്രീമതി.ഗീതു	ഡയറി എക്സ്റ്റൻഷൻ ഓഫീസർ	01-04-2024	05-05-2024
ശ്രീമതി.സമീന	ഡയറി എക്സ്റ്റൻഷൻ ഓഫീസർ	06-05-2024	27-02-2025
ശ്രീമതി.പാർവതിചന്ദ്രൻ	ഡയറി എക്സ്റ്റൻഷൻ ഓഫീസർ	28-02-2025	31-03-2025
ഡോ.അനുപമ	മെഡിക്കൽഓഫീസർ ആയുർവേദം	01-04-2024	31-03-2025
ശ്രീമതി.റുക്സാന	N.R.E.G.S A.E	01-04-2024	01-07-2024
ശ്രീമതി.പ്രവീണബാബു	N.R.E.G.S A.E	02-07-2024	31-03-2025
ശ്രീമതി.ഭാഗ്യലക്ഷ്മി	N.R.E.G.S ഓവർസിയർ	01-04-2024	31-03-2025
ശ്രീ.മനോജ്	N.R.E.G.S ഓവർസിയർ	01-04-2024	31-03-2025

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	കാഷ് ഫ്ലോ പത്രികയിൽ തുകകൾ പൊരുത്തപ്പെടുന്നില്ല	1-1-1
3	അക്കൌണ്ട്സ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയില്ല	1-1-2
4	ഡിപ്രീസിയേഷൻ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയിട്ടില്ല.	1-1-3
5	പാർട്ട് ബില്ലുകൾ പ്രകാരമുള്ള തുകകൾ ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് ആയി ഉൾപ്പടുത്തിയില്ല	1-1-4
6	Secured Loan നീക്കിയിരിപ്പ് തൻവർഷ B5 ലെ തുകയുമായി പൊരുത്തപ്പെടുന്നില്ല	1-1-5
7	അനിവാര്യ ഇനങ്ങളിൽ പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടില്ല.	1-1-6
8	ഡെപ്പോസിറ്റ് തുക തിരികെ നൽകാനുള്ളത് വിവിധ ഷെഡ്യൂളുകളിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല	1-1-7
9	B18 ഷെഡ്യൂൾ പ്രകാരം വിവിധ നിർവഹണ ഏജൻസികൾക്ക് അഡ്വാൻസ് ഇനത്തിൽ നൽകിയിട്ടുള്ള തുകകൾ ക്രമീകരിച്ചില്ല	1-1-8
10	ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ ഇ-ഗ്രാം പോർട്ടലിലെ നീക്കിയിരിപ്പും ILGMS ലെഡ്ജർ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.	1-1-9
11	വിവിധ ഇനങ്ങളിൽ കിട്ടാനുള്ള തുകകൾക്ക് പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടില്ല.	1-1-10
12	ട്രയൽ ബാലൻസ് നീക്കിയിരിപ്പും ബാലൻസ് ഷീറ്റിലെ നീക്കിയിരിപ്പും തമ്മിൽ പൊരുത്തപ്പെടുന്നില്ല	1-1-11
13	ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ഇനത്തിൽ മുൻ വർഷത്തെ അതേ തുക തന്നെ രേഖപ്പെടുത്തി	1-1-12
14	B-16ലെ തുകയും B-5ലെ തുകുയും പൊരുത്തപ്പെടുന്നില്ല	1-1-13
15	വസ്തുനികുതി ഡിമാന്റ് സഞ്ചയ പ്രകാരമുള്ള തുകയും AFSപ്രകാരമുള്ള തുകയും പൊരുത്തപ്പെടുന്നില്ല	1-1-14
16	CFC ഗ്രാന്റ്-AFS പ്രകാരമുള്ള ചെലവ് തുകയും ACR,സുലേഖ എന്നിവ പ്രകാരമുള്ള ചെലവ് തുകയും പൊരുത്തപ്പെടുന്നില്ല	1-1-15
17	Other Liability നീക്കിയിരിപ്പ് തൻവർഷ B9 ലെ തൂകയുമായി പൊരുത്തപ്പെടുന്നില്ല.	1-1-16
18	ജനറൽ പർപ്പസ് ഫണ്ട് ചെലവ് പൊരുത്തപ്പെടുന്നില്ല	1-1-17
19	CFC ടൈഡ്,ബേസിക് ഗ്രാന്റുകളുടെ വരവുകൾ AFS ൽ പരസ്പരം മാറ്റി എടുത്തിരിക്കുന്നു	1-1-18
20	B-18 ഷെഡ്യൂളിൽ ഡെപ്പോസിറ്റ് തുക ഉൾപ്പെടുത്തിയില്ല	1-1-19
21	സ്ഥാപനത്തിന് ഇല്ലാത്ത ബാങ്ക് അക്കൗണ്ടിൽ തുക കാണിച്ചിരിക്കുന്നു	1-1-20
22	ബജറ്റ്	1-2
23	സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം)	1-3
24	ഫണ്ട് വിനിയോഗം	1-4
25	പദ്ധതി അവലോകനം	1-5
26	തൊഴിലുറപ്പ് പദ്ധതി	1-6
27	ക്യാഷ് വെരിഫിക്കേഷൻ	1-7
28	ക്ഷേമപദ്ധതികൾ	1-8

29	ആഭ്യന്തരനിയന്ത്രണം	1-9
30	മറ്റ് ഓഡിറ്റുകൾ നടത്തിയ വിവരം	1-10
31	ഡേ ബുക്കിലെ ഗൂഗിൾ പേ പ്രകാരം അടവാക്കിയ തുകകളും ബാങ്ക് സ്റ്റേറ്റ്മെന്റിലെ തുകകളും പൊരുത്തപ്പെടുന്നില്ല	1-11
32	വാർഷിക കണക്കിലെ 40(എ), 40(ബി)എന്നിവയിൽ ഉൾപ്പെട്ട ബാങ്ക് അക്കൗണ്ടുകളിലെ അപാകതകൾ	1-12
33	കെട്ടിട നികുതി നിർണയം-സ്റ്റെയർകെയ്സ് വിസ്തീർണം ഉൾപ്പെടുത്തിയില്ല	1-13
34	തൊഴിൽ നികുതി ഈടാക്കിയില്ല	1-14
35	വസ്തുനികുതി ഈടാക്കിയതിൽ കുറവ്	1-15
36	ലൈഫ് ഭവനനിർമ്മാണ പദ്ധതി- അഡ്വാൻസ് കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവനനിർമ്മാണം ആരംഭിച്ചില്ല.	1-16
37	വീട് വാസയോഗ്യമാക്കൽ - പണി പൂർത്തീകരിച്ചില്ല.	1-17
38	കാലി ബാരൽ വില ബന്ധപ്പെട്ട ഫണ്ടുകളിൽ ഒടുക്കാതെ തനത് ഫണ്ടിൽ ഒടുക്കി	1-18
39	മരുന്നുകൾ/മെഡിക്കൽ ഉപകരണങ്ങൾ പൂർണ്ണമായും ലഭ്യമായില്ല	1-19
40	ഹോമിയോ മരുന്നു വാങ്ങൽ- മരുന്നുകൾ മുഴുവൻ ലഭ്യമായില്ല	1-20
41	സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായ പ്രോജക്ടുകൾ- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല	1-21
42	2020 -21-ൽ നടപ്പാക്കിയ പദ്ധതിയിലെ ബാക്കി നിൽക്കുന്ന തുക തൻവർഷം നൽകി -അനുബന്ധ രേഖകൾ ഹാജരാക്കിയില്ല.104250/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-22
43	പെൻഷൻ കോൺട്രിബ്യൂഷൻ വിഹിതം അടവാക്കുന്നതിൽ കുറവ്	1-23
44	തെരുവുവിളക്ക് പരിപാലനം -ഓട്ടോമാറ്റിക് സെൻസർ വാങ്ങൽ -അനുബന്ധ രേഖകൾ ഹാജരാക്കിയില്ല-205800/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-24
45	ബഡ്സ് സ്കൂൾ - വാഹന വാടക അധികം നല്കി	1-25
46	പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്-ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകല്യം നല്കി	1-26
47	തെങ്ങുംപണ മുതൽ സുനിൽ വസതി വരെ റോഡ് കോൺക്രീറ്റ്-ഇൻഷ്വറൻസ് എടുക്കാത്ത കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയില്ല	1-27
48	പ്രവൃത്തി പൂർത്തീകരണത്തിലെ കാലതാമസം - പിഴ ഈടാക്കിയില്ല	1-28
49	ആർ ട്രാക്കിന് വേണ്ടി 21 വാർഡുകളിലും തുക നൽകൽ - വിനിയോഗ വിവരങ്ങളില്ല	1-29
50	ബഡ്സ് സ്കൂൾ- ചെലവ് രേഖകളിൽ അവ്യക്ത- തനത് ഫണ്ട് ചെലവിന്റെ കൃത്യത ബോധ്യമായില്ല	1-30
51	പഴയവെറ്റിനറി കെട്ടിടം എബിസി സെന്ററാക്കി മാറ്റൽ – എയർ കണ്ടീഷൻ, ഇലകക്ട്രിഫിക്കേഷൻ പ്രവൃത്തികൾ നടത്താത്തതിനാൽ കെട്ടിടം പ്രവർത്തിക്കുന്നില്ല	1-31
52	അഞ്ചു വീടുകൾക്ക് മാത്രമായി കണക്റ്റിവിറ്റിയില്ലാതെ റോഡ് കോൺക്രീറ്റ് പ്രവൃത്തി നടപ്പാക്കി	1-32
53	ഹെൽത്ത് ഗ്രാന്റ് അവലോകനം	1-33
54	ജൽജീവൻ മിഷൻ അവലോകനം	1-34
ഭാഗം 2		
--- No Records Found ---		

ഭാഗം 3		
1	ബഡ്സ് സ്കൂൾ - വാഹന വാടക അധികം നല്കി	3-1
ഭാഗം 4		
1	മെഡിസെപ്പ് പ്രീമിയം ഒടുക്ക് സംബന്ധിച്ച പരിശോധന	4-1
2	വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-2
3	സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം	4-3
4	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-4
5	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-5
6	സ്ഥിരനിക്ഷേപങ്ങൾ	4-6
7	വായ്പ / വായ്പ തിരിച്ചടവ്	4-7
8	ഓഡിറ്റ് റിക്കവറി	4-8
9	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം	4-9
10	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-10
11	ഓഡിറ്റ് പ്രത്യവലോകനം	4-11
12	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-12
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	അനുബന്ധ പത്രികകൾ	

ഭാഗം -1
പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും, പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 25.07.2025 ലെ 1(1) നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് 26.07.2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ്, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും, അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2024-25 സാമ്പത്തിക വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2025 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും, 31.03.2025 ലെ സാമ്പത്തിക നിലയുടെയും, സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : കൊല്ലം
തീയതി : 31.10.2025

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

1-1-1 കാഷ് ഫ്ലോ പത്രികയിൽ തുകകൾ പൊരുത്തപ്പെടുന്നില്ല

വാർഷിക ധനകാര്യപത്രികയോടൊപ്പം ലഭ്യമാക്കിയിട്ടുള്ള കാഷ് ഫ്ലോ പത്രികയിലെ Net Increase In Cash And Cash Equivalence തുകയും (21903204/-) ഇതേ പത്രികയിലെ Net Cash Generated By Operating +Investing +Financing Activity തുകയും (9456410/-) പൊരുത്തപ്പെടുന്നില്ല.

1-1-2 അക്കൌണ്ട്സ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയില്ല

2011 -ലെ കേരള പഞ്ചായത്തീരാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ ,ചട്ടം 62(2),62(2) എഫ് എന്നിവ പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ,അക്കൌണ്ട്സിൻ മേലുള്ള കുറിപ്പുകൾ എന്നിവ ഹാജരാക്കിയിട്ടില്ല.

1-1-3 ഡിപ്രീസിയേഷൻ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയിട്ടില്ല.

തൻവർഷ I-17(a) ലെ ഡിപ്രീസിയേഷൻ തുകയായി രേഖപ്പെടുത്തിയിട്ടുള്ള 2442216/-രൂപയ്ക്ക് അടിസ്ഥാനമാക്കിയിട്ടുള്ള ഡിപ്രീസിയേഷൻ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയിട്ടില്ല.

1-1-4 പാർട്ട് ബില്ലുകൾ പ്രകാരമുള്ള തുകകൾ ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് ആയി ഉൾപ്പടുത്തിയില്ല

B-11(b) ഷെഡ്യൂളിലെ ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് ആയി രേഖപ്പെടുത്തിയിട്ടുള്ള തുക പൂജ്യമാണ്.എന്നാൽ തൻവർഷം നൽകിയ പാർട്ട് ബില്ലുകളുടെ ആകെ തുക 652920/-രൂപയാണ്.ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-1-5 Secured Loan നീക്കിയിരിപ്പ് തൻവർഷ B5 ലെ തുകയുമായി പൊരുത്തപ്പെടുന്നില്ല

Secured Loan നീക്കിയിരിപ്പ് തൻവർഷ B5 ലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.വിശദ വിവരം ചുവടെ ചേർക്കുന്നു.

മുന്നിരിപ്പ്(B5 Previous)	49689919/-
തൻ വർഷ വരവ് (RP31 Current)	16163280/-
ആകെ	65853199/-
GO പ്രോജക്ടുകൾ പ്രകാരം തൻവർഷം തിരികെ അടച്ചത്	5182487/-
അടയ്ക്കാൻ ബാക്കിനിൽക്കുന്ന തുക	60670712/-
തൻ വർഷ B5 പ്രകാരം അടയ്ക്കാൻ ബാക്കി നിൽക്കുന്ന തുക	59581592/-
വ്യത്യാസം	1089120/-

തൻ വർഷ തിരിച്ചടവ്(GO പ്രോജക്ടുകൾ പ്രകാരം)5182487/-(തൻ വർഷ I-14(B)യിൽ ഉൾപ്പെടുത്തിയില്ല.ലോൺ രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല.

1-1-6 അനിവാര്യ ഇനങ്ങളിൽ പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടില്ല.

B-9 ഷെഡ്യൂളിൽ ജനപ്രധിനിധികൾക്കുള്ള ഹോണറേറിയം ,സിറ്റിംഗ് ഫീസ് ,കരാർ ജീവനക്കാരുടെ വേതനം തുടങ്ങിയ അനിവാര്യ ഇനങ്ങളിൽ പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടില്ല.

1-1-7 ഡെപ്പോസിറ്റ് തുക തിരികെ നൽകാനുള്ളത് വിവിധ ഷെഡ്യൂളുകളിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

മുൻ വർഷ B7 തുകയും(1898325/-) തൻവർഷം വരവ് വന്ന ഡെപ്പോസിറ്റ് തുകയും(RP 33 Receipt-261500/-)

തിരികെ നൽകിയ ഡെപ്പോസിറ്റ് തുകയും (RP 33 Payment-325797/-) തൻവർഷ B7 തകയുമായി (1819719/-) പൊരുത്തപ്പെടുന്നില്ല.(1898325+261500-325797=1834028).14309/-രൂപയുടെ വ്യത്യാസം(1834028-1819719) നിലനിൽക്കുന്നു.

1-1-8 B18 ഷെഡ്യൂൾ പ്രകാരം വിവിധ നിർവഹണ ഏജൻസികൾക്ക് അഡ്വാൻസ് ഇനത്തിൽ നൽകിയിട്ടുള്ള തുകകൾ ക്രമീകരിച്ചില്ല

B18 ഷെഡ്യൂൾ പ്രകാരം വിവിധ നിർവഹണ ഏജൻസികൾക്കും നിർവഹണ ഉദ്യോഗസ്ഥർക്കും അഡ്വാൻസ് ഇനത്തിൽ നൽകിയിട്ടുള്ള ചുവടെ ചേർത്തിട്ടുള്ള തുകകൾ ക്രമീകരിച്ചിട്ടില്ല.

നിർവഹണ ഏജൻസി	അഡ്വാൻസ് നൽകിയ തുക
കേരള വാട്ടർ അതോറിറ്റി	3689348/-
കേരള ഇലക്ട്രി സിറ്റി ബോർഡ്	823722/-
കേരള പൊതുമരാമത്ത് വകുപ്പ്	4770000/-
നിർവഹണ ഉദ്യോഗസ്ഥർ	510000/-
മറ്റുള്ളവർക്ക് നൽകിയ അഡ്വാൻസ്	81800/-

1-1-9 ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ ഇ-ഗ്രാം പോർട്ടലിലെ നീക്കിയിരിപ്പും ILGMS ലെഡ്ജർ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.

ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ ഇ-ഗ്രാം പോർട്ടലിലെ നീക്കിയിരിപ്പും ILGMS ലെഡ്ജർ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.

ഗ്രാന്റ് ഇനം	ഇ-ഗ്രാം പോർട്ടൽ പ്രകാരമുള്ള നീക്കിയിരിപ്പ്	ILGMS ലെഡ്ജർ പ്രകാരമുള്ള നീക്കിയിരിപ്പ്
CFC ബേസിക് ഗ്രാന്റ്	5682509/-	14963096/-
CFC ടൈഡ് ഗ്രാന്റ്	13005742/-	4196978/-

1-1-10 വിവിധ ഇനങ്ങളിൽ കിട്ടാനുള്ള തുകകൾക്ക് പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടില്ല.

2011 ലെ കേരള പഞ്ചായത്തീരാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 58(4) എ)ച്ച് പ്രകാരം വിവിധ ഇനങ്ങളിൽ കിട്ടാനുള്ള തുകകൾക്ക് B-15(a) യിൽ പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടില്ല.

1-1-11 ട്രയൽ ബാലൻസ് നീക്കിയിരിപ്പും ബാലൻസ് ഷീറ്റിലെ നീക്കിയിരിപ്പും തമ്മിൽ പൊരുത്തപ്പെടുന്നില്ല

Excess Of Income Over Expenditure (ഹെഡ് 310900101) ബാലൻസ്ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് 64282295/-രൂപയും ട്രയൽ ബാലൻസ് പ്രകാരമുള്ള നീക്കിയിരിപ്പ് 43750854/-രൂപയുമാണ്. വ്യത്യാസം 20531441/-രൂപ

1-1-12 ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ഇനത്തിൽ മുൻ വർഷത്തെ അതേ തുക തന്നെ രേഖപ്പെടുത്തി

ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ഇനത്തിൽ B 3 ഷെഡ്യൂളിൽ 2023-24,2024-25 സാമ്പത്തിക വർഷങ്ങളിൽ ഒരേ തുക തന്നെ (66733403/-) ഉൾപ്പെടുത്തിയിരിക്കുന്നു.

1-1-13 B-16ലെ തുകയും B-5ലെ തുകുയും പൊരുത്തപ്പെടുന്നില്ല

Prepaid Programme Expense ഇനത്തിൽ B-16ൽ ഉൾപ്പെടുത്തിയിട്ടുള്ള തുകയും(39961833/-) Secured Loan ഇനത്തിൽ B-5ൽ ഉൾപ്പെടുത്തിയിട്ടുള്ള തുകയും(59581592/-) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-1-14 വസ്തുനികുതി ഡിമാന്റ് സഞ്ചയ പ്രകാരമുള്ള തുകയും AFSപ്രകാരമുള്ള തുകയും പൊരുത്തപ്പെടുന്നില്ല

റെസിഡെൻഷ്യൽ &നോൺ റെസിഡെൻഷ്യൽ ബിൽഡിംഗിന്റെ വസ്തുനികുതി ഡിമാന്റ് സഞ്ചയ

പ്രകാരം 14377987/-രൂപയും വാർഷിക ധനകാര്യപത്രികയിലെ I-1 ഷെഡ്യൂൾ പ്രകാരം 12651087/-രൂപയുമാണ്.1726900/-രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

1-1-15 CFC ഗ്രാന്റ്-AFS പ്രകാരമുള്ള ചെലവ് തുകയും ACR,സുലേഖ എന്നിവ പ്രകാരമുള്ള ചെലവ് തുകയും പൊരുത്തപ്പെടുന്നില്ല

ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ,റെവന്യൂ ചെലവുകൾ എന്നീ ഇനങ്ങളിൽ തൻ വർഷം ചെലവഴിച്ച CFC ഗ്രാന്റ് (ബേസിക്,ടൈഡ്) AFS പ്രകാരം 6299859/- രൂപയും സുലേഖ ചെലവ് പത്രിക , ACR എന്നിവ പ്രകാരം 6323212/-രൂപയുമാണ്. വ്യത്യാസം 23353/-രൂപ.

1-1-16 Other Liability നീക്കിയിരിപ്പ് തൻവർഷ B9 ലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

Other Liability നീക്കിയിരിപ്പ് തൻവർഷ B9 ലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.വിശദ വിവരം ചുവടെ ചേർക്കുന്നു.

മുന്നിരിപ്പ്(B9 Previous)	3283672/-
വരവ്(RP35 Receipt Current)	3372534/-
ആകെ	6656206/-
ചെലവ് (RP35 Payment Current)	64499118/-
നീക്കിയിരിപ്പ്	-57842912
തൻവർഷ B9 പ്രകാരമുള്ള നീക്കിയിരിപ്പ്	3681748

1-1-17 ജനറൽ പർപ്പസ് ഫണ്ട് ചെലവ് പൊരുത്തപ്പെടുന്നില്ല

ജനറൽ പർപ്പസ് ഫണ്ട് ACR പ്രകാരമുള്ള ചെലവും (6017095/-) I-6 പ്രകാരമുള്ള ചെലവും (25218050/-)തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-1-18 CFC ടൈഡ്,ബേസിക് ഗ്രാന്റുകളുടെ വരവുകൾ AFS ൽ പരസ്പരം മാറ്റി എടുത്തിരിക്കുന്നു

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം CFC ടൈഡ് ഇനത്തിൽ വരവ് വന്ന 9594500/-രൂപയും തൻവർഷ പലിശ ഇനത്തിൽ വരവ് വന്ന 513274/-രൂപയും ചേർത്ത് 10107774/-രൂപ RP-30ഷെഡ്യൂളിൽ CFC ബേസിക്കിന്റെ വരവായി എടുത്തിരിക്കുന്നു.ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം CFC ബേസിക്കിന്റെ വരവായി വന്ന 4357884/-രൂപ യിൽ 4046496/-രൂപ RP-30ഷെഡ്യൂളിൽ CFC ടൈഡിന്റെ വരവായി എടുത്തിരിക്കുന്നു.

1-1-19 B-18 ഷെഡ്യൂളിൽ ഡെപ്പോസിറ്റ് തുക ഉൾപ്പെടുത്തിയില്ല

നഗരസഞ്ചയഫണ്ടിനത്തിൽ കൊല്ലം കോർപ്പറേഷനിൽ നിന്നും ലഭ്യമായ 2000000/-രൂപ പഞ്ചായത്തിലെ തോടുകളുടെ നവീകരണത്തിനായി മൈനർഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് കൊല്ലം ഡിവിഷനിൽ ഡെപ്പോസിറ്റ് ചെയ്തത് B-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയില്ല.

1-1-20 സ്ഥാപനത്തിന് ഇല്ലാത്ത ബാങ്ക് അക്കൗണ്ടിൽ തുക കാണിച്ചിരിക്കുന്നു

വാർഷിക ധനകാര്യ പത്രിക RP- 40(a), RP- 40(b) പ്രകാരം 450210101 എന്ന ശീർഷകത്തിൽ "Nationalised Bank Account Of Own Revenue Fund" ആയി 1,32,171/-രൂപ ഉൾപ്പെടുത്തിയിരിക്കുന്നു. എന്നാൽ ഇങ്ങനെയൊരു തുക ഏതെങ്കിലും ഒരു ബാങ്ക് അക്കൗണ്ടിൽ നീക്കിയിരിപ്പുള്ളതായി കാണുന്നില്ല.

1-2 ബജറ്റ്

2024-25 വർഷത്തെ ബജറ്റ് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 14.02.2024-ലെ 1(1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. 24.01.2025 ലെ4(1-ാം) നമ്പർ തീരുമാന പ്രകാരം പരിഷ്കരിച്ച ബജറ്റും അംഗീകരിച്ചിട്ടുണ്ട്.

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം)

മുന്നിരിപ്പ്	44075997/-
വരവ്	102059931/-

ആകെ	146135928/-
ചെലവ്	80156727/-
നീക്കിയിരിപ്പ്	65979201/-
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/നിരാകരിച്ച തുക	7500/-
തടസ്സപ്പെടുത്തിയ തുക	3804318/-

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	ഒ.ബി (₹)	വരവ് (₹)	ആകെ (₹)	ചെലവ് (₹)	നീക്കിയിരിപ്പ്/ ലാപ്സായ തുക (₹)
വികസന ഫണ്ട്-ജനറൽ	0	24013000/-	24013000/-	24008887/-	4113/-
വികസന ഫണ്ട്-എസ്.സി.പി.	0	15933000/-	15933000/-	11104118/-	4828882/-
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - അൺടൈഡ് (ബാങ്ക്)	8552669/-	10107774/-	18660443/-	3697347/-	14963096/-
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് – ടൈഡ് (ബാങ്ക്)	2752994/-	4046496/-	6799490/-	2602512/-	4196978/-
മെയിന്റനൻസ്, റോഡ്	0	15060000/-	15060000/-	8921775/-	6138225/-
മെയിന്റനൻസ്, നോൺ-റോഡ്	0	8058000/-	8058000/-	6708674/-	1349326/-
MGNREGS	12/-	2216707/-	2216719/-	2216719/-	0/-
ICDS	580953/-	4582674/-	5163627/-	1845089/-	3318538/-
ശുചിത്വമിഷൻ	2679005/-	0	2679005/-	0	2679005/-
Other Schemes	1359834/-	557505/-	1917339/-	0	1917339/-
ഹെൽത്ത് ഗ്രാന്റ് ഇൻഫ്രാസ്ട്രക്ചർ	850481/-	511299/-	1361780/-	291908/-	1069872/-
ഹെൽത്ത് ഗ്രാന്റ് സബ്സെന്റർ	309973/-	761863/-	1071836/-	305307/-	766529/-
Other Liabilities	1870167/-	0	1870167/-	0	1870167/-
Other State Sponsered Scheme Fund	628528/-	0	628528/-	0	628528/-
Welfare Capital	61	0	61	0	61
Specific Capital	105500/-	0	105500/-	0	105500/-
ലൈഫ് സംസ്ഥാന വിഹിതം	1460000/-	7400000/-	8860000/-	0/-	8860000/-
സ്വച്ഛ് ഭാരത് അഭിയാൻ	0	304009/-	304009/-	304009/-	0/-

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ(₹)	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്(₹)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
248	323468161	155	92713866	93	62.5

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്(₹)	വരവ്(₹)	ആകെ(₹)	ചെലവ്(₹)	നീക്കിയിരിപ്പ്(₹)
ഭരണചെലവുകൾ	12/-	2216707/-	2216719/-	2216719/-	0/-
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	0/-	36993000/-	36993000/-	36993000/-	0

1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22/9/25 തീയതിയിൽ 3-15P.Mന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1882/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-8 ക്ഷേമപദ്ധതികൾ

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക (രൂപ)
കർഷകതൊഴിലാളി പെൻഷൻ	2221000/-
വിധവാപെൻഷൻ	26535300/-
വാർദ്ധക്യകാലപെൻഷൻ	39615500/-
വികലാംഗപെൻഷൻ	7771100/-
വിധവകളുടെ പെൺമക്കൾക്ക് വിവാഹധനസഹായം	150000
50 വയസിനുമേൽ പ്രായമുള്ള അവിവാഹിതർക്കുള്ള ധനസഹായം	755000/-

1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന വിധത്തിൽ ഫ്രണ്ട് ഓഫീസ് സംവിധാനവും ഫെലിസിറ്റേഷൻ സെന്ററും പ്രവർത്തിച്ചുവരുന്നുണ്ട്. സേവനങ്ങൾ സംബന്ധിച്ച ബോർഡുകൾ ഗ്രാമപഞ്ചായത്ത് ഓഫീസിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. വിവിധ വിഭാഗം ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലി വിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. ധന ഇടപാടുകളുടെ വിവിധ രേഖകൾ ജോലി വിഭജനരേഖ പ്രകാരം ജീവനക്കാർ പരിപാലിച്ചുവരുന്നുണ്ട്. പഞ്ചായത്തിലെ വരവുകൾ നിലവിൽ കെ–സ്മാർട്ട് വഴിയാണ് സ്വീകരിക്കുന്നത്. മാനുവൽ രസീത് മുഖേന സ്വീകരിക്കുന്ന തുകകളുടെ ഒടുക്ക് പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്. ചെലവുകൾ അധികൃതമാക്കി വൗച്ചറുകൾ സൂക്ഷിച്ചിട്ടുണ്ട്. പരിഷ്ക്കരിച്ച നിരക്കിലുള്ള വസ്തുനികുതി, തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.
ലൈഫ് പദ്ധതിയിൽ നിർമ്മാണം പൂർത്തീകരിക്കാനുള്ള ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. വിവിധ ഏജൻസികൾക്ക് നിക്ഷേപിച്ച തുകയുടെ വിനിയോഗം സാക്ഷ്യപത്രം ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. ഭരണസമിതി മിനിട്സ് യഥാസമയം പൂർത്തീകരിച്ച് പ്രസിഡന്റിന്റെ അംഗീകാരത്തിന് സമർപ്പിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. മരാമത്ത് പ്രവൃത്തികളിൽ സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ ഉപയോഗിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനായി അനുബന്ധ പ്രവർത്തനങ്ങൾ കൂടി യഥാസമയം ഏറ്റെടുത്ത് നടത്തേണ്ടതാണ് . തെരുവ് വിളക്ക് പരിപാലനത്തിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	12.05.2022	10/2021 മുതൽ 3/2022 വരെ	02/07/2022

1-11 ഡേ ബുക്കിലെ ഗൂഗിൾ പേ പ്രകാരം അടവാക്കിയ തുകകളും ബാങ്ക് സ്റ്റേറ്റ്മെന്റിലെ തുകകളും പൊരുത്തപ്പെടുന്നില്ല

2024-25-വർഷത്തെ ഡേ ബുക്കിൽ ഗൂഗിൾ പേ പ്രകാരം അടവുവന്ന തുകകളും ഗൂഗിൾ പേ അക്കൗണ്ടിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം കളക്ഷൻ വന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

ഡേ ബുക്ക് പ്രകാരമുള്ള തുക/തീയതി	ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക/തീയതി
10/5/24- 24842/-	11/5/24- 32342/-
13/5/24- 19503/-	14/5/24- 16503/-
19/6/24- 1000/-	20/6/24- 7438/-

25/6/24- 5882/-	26/6/24- 11268/-
22/7/24- 6300/-	23/7/24- 7215/-

ഡേ ബുക്കിൽ വരവായി വന്ന തുകയും ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം കളക്ഷൻ വന്ന തുകകളും തമ്മിൽ വ്യത്യാസം നിലനിൽക്കുന്നതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ എൻകവയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ഗൂഗിൾ പേ അക്കൗണ്ട് പ്രകാരം അടവാക്കിയ തുകകളും ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം വരവായി വന്ന തുകകളും അതാതു ദിവസം പൊരുത്തപ്പെടുത്തി കൃത്യമായ കണക്കുകൾ സൂക്ഷിക്കേണ്ടതാണ്. മേൽ സൂചിപ്പിച്ച വ്യത്യാസത്തിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.
ഓഡിറ്റ് എൻകവയറി നം.22/29-9-25

1-12 വാർഷിക കണക്കിലെ 40(എ), 40(ബി)എന്നിവയിൽ ഉൾപ്പെട്ട ബാങ്ക് അക്കൗണ്ടുകളിലെ അപാകതകൾ

2024-25 വർഷം ഇളമ്പള്ളൂർ പഞ്ചായത്തിന്റെ വാർഷിക കണക്കിലെ 40(എ), 40(ബി) എന്നിവ യിൽ ഉൾപ്പെട്ടിട്ടുള്ള ബാങ്ക് അക്കൗണ്ടുകളിലെ അപാകതകൾ ചുവടെ ചേർക്കുന്നു.
1. Nationalised Bank Acct Of Own Revenue Fund-
13271/-രൂപ 40(ബി) പ്രകാരം നീക്കിയിരുപ്പുണ്ട്. ബാങ്ക് സ്റ്റേറ്റ്മെന്റ് ഹാജരാക്കിയില്ല.
2. Subtreasury Kundara (703051400000003)-
205/-രൂപ നീക്കിയിരുപ്പുണ്ട്. എന്നാൽ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 0/-രൂപയാണ് നീക്കിയിരുപ്പ്.
3. Disress Relief Fund (7046) –
40(എ)യിൽ 3826/-രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 40(ബി)യിൽ ഉൾപ്പെടുത്തിയിട്ടില്ല.
4. ഒരേ അക്കൗണ്ട് നമ്പർ ഉള്ള രണ്ട് അക്കൗണ്ടുകൾ (Mgnregs)40(ബി)യിൽ ഉൾപ്പെടുത്തിയിരിക്കുന്നു.
5.40(എ) യിലെ CFLTC (906) 40(B)യിൽ ഉൾപ്പെടുത്തിയില്ല

മുകളിൽ പരാമർശിച്ച അപാകതകൾക്ക് മറുപടി ആവശ്യപ്പെട്ട് നൽകിയ എൻകവയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ബാങ്ക് അക്കൗണ്ടുകളിൽമേൽ കൃത്യത വരുത്തി വരും വർഷങ്ങളിൽ വാർഷികകണക്കുകൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്

ഓഡിറ്റ് എൻകവയറി നം.21/29.9.25

1-13 കെട്ടിട നികുതി നിർണയം-സ്റ്റെയർകേസ്റ്റ്യാബിൻ വിസ്തീർണം ഉൾപ്പെടുത്തിയില്ല

2024-25 വർഷം നികുതി അസസ്സ് ചെയ്ത ശ്രീ കെ.റ്റി.വർഗീസ് പണിക്കർ, കല്ലറക്കൽ പുത്തൻ ബംഗ്ലാവ് എന്ന വ്യക്തിയുടെ 3/1203, 3/1204, 3/1205 എന്ന കെട്ടിടങ്ങൾക്ക് തറവിസ്തീർണത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിർണയിച്ച് നൽകിയിട്ടുണ്ട്. Ground Floor-182.08m2, First Floor-193.23m2, Second Floor-193.23m2 എന്നിവ ഉൾപ്പെടെ ആകെ തറവിസ്തീർണം 568.54ചതു.മീറ്റർ ആണ്. എന്നാൽ കംപ്ലീഷൻ പ്ലാൻ പരിശോധിച്ചതിൽ Stair Cabin 18.33m2 കൂടി ഉൾപ്പെട്ടിട്ടുണ്ട്. ആയത് നികുതി നിർണയത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന്റെ വിശദാംശം ആവശ്യപ്പെട്ട് നൽകിയ എൻകവയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ, അപാകത പരിഹരിച്ച് ഫീസും ഫൈനും ഉൾപ്പെടെ 4372/-രൂപ
(2024-25 1&11), 2025-26 (1 Half) 918/-രൂപ അടവാക്കി മറുപടി സമർപ്പിച്ചിട്ടുണ്ട്. കെട്ടിട നികുതി നിർണയത്തിൽ മേൽ സൂചിപ്പിച്ച പ്രകാരമുള്ള അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.
ഓഡിറ്റ് എൻകവയറി നം.17/27.9.25

1-14 തൊഴിൽ നികുതി ഈടാക്കിയില്ല

2024-25 വർഷം ഇളമ്പള്ളൂർ പഞ്ചായത്തിലെ തൊഴിൽനികുതി രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന പെരുമ്പുഴ, കുരീപ്പള്ളി, ഞാലിയോട്, കുണ്ടറ വ്യവസായം, കുണ്ടറ-ബി എന്നീ ക്ഷീരസഹകരണസംഘങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽനികുതി ഈടാക്കിയതിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽനികുതി ഈടാക്കിയിടയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ആവശ്യപ്പെട്ട് നൽകിയ എൻകവയറിക്ക് മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.
ഓഡിറ്റ് എൻകവയറി നം.27/3.10.25

1-15 വസ്തുനികുതി ഈടാക്കിയതിൽ കുറവ്

2024-25 വർഷം 18/850 എന്ന കെട്ടിടത്തിന്റെ ഉടമസ്ഥനായ ശ്രീ നസിം, നജിയമൻസിൽ എന്ന വ്യക്തിയുടെ കെട്ടിടത്തിന്റെ വസ്തുനികുതി നിർണയിച്ചതിൽ വഴിയുടെ തരം, തറനിർമ്മിതി എന്നിവയുടെ അടിസ്ഥാനത്തിൽ വർദ്ധനവ് വരുത്തിയില്ല.
വിശദവിവരം ചുവടെചേർക്കുന്നു.

ഉടമസ്ഥന്റെ പേര്/ കെട്ടിടനം.	തറവിസ്തീർണം	ഈടാക്കിയ നികുതി
ശ്രീ നസിം.എ.കെ,നജിയമൻസിൽ/18/850	താഴത്തെ നില-150.78ച.മീ ഒന്നാം നില-142.13ച.മീ ആകെ -292.91	വാണിജ്യാവശ്യം-292.91*73.5 =21528.885 രൂപ

എന്നാൽ കെട്ടിടത്തിന്റെ ഫോം-6 പരിശോധിച്ചതിൽ വഴിസൗകര്യം 1.5മീറ്ററിൽ കൂടുതൽ എന്നും തറനിർമ്മിതി സാധാരണതറ എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കെട്ടിടത്തിന്റെ Completion Plan-ൽ 8 മീറ്റർ വീതിയുള്ള റോഡാണെന്ന് കാണിച്ചിട്ടുണ്ട്. മാത്രമല്ല 3/10/25 ന് നടത്തിയ സ്ഥലപരിശോധനയിൽ റോഡിന്റെ തരം 5 മീറ്ററിൽ കുടുതൽ വീതിയുള്ളതാണെന്നും തറനിർമ്മിതി സാധാരണ തറയല്ലെന്നും ബോധ്യപ്പെട്ടിട്ടുണ്ട്. ആയതിനാൽ അടിസ്ഥാന വസ്തുനികുതിയുടെ കൂടെ വഴി സൗകര്യത്തിന്റെ 20%(4305.77/-), തറനിർമ്മിതിയുടെ 15%(3229.33/-രൂപ) എന്നിവ കൂടി ഉൾപ്പെടുത്തി വസ്തുനികുതി പുനർനിർണയിക്കേണ്ടതുണ്ട്. ഇത് സംബന്ധിച്ച് നൽകിയ എൻകവയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ, വസ്തുനികുതിയിൻമേൽ വർദ്ധനവ് വരുത്തി തുക ഈടാക്കി വിവരം ലഭ്യമാക്കുന്നതാണെന്ന് സൂചിപ്പിച്ചിട്ടുണ്ട്. 2024-25 (രണ്ടു അർദ്ധവർഷം), 2025-26 ഒന്നാം അർദ്ധവർഷം എന്നിവയിലെ വസ്തുനികുതി പുനർനിർണയിച്ച് ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.
ഓഡിറ്റ് എൻകവയറി നം.25/3.10.25

1-16 ലൈഫ് ഭവനനിർമ്മാണ പദ്ധതി- അഡ്വാൻസ് കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവനനിർമ്മാണം ആരംഭിച്ചില്ല.

പദ്ധതി നമ്പർ - 12/25

പദ്ധതിയുടെ പേര് - ലൈഫ് ഭവനനിർമ്മാണം ജനറൽ

2024-25 ൽ ലൈഫ് ഭവന നിർമ്മാണം പദ്ധതിയിൽ അഡ്വാൻസ് കൈപ്പറ്റിയ ശേഷം ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ലാത്തവരുടെ പേര് വിവരം ചുവടെ ചേർക്കുന്നു.

ഗുണഭോക്താവിന്റെ പേര്	ബിൽ നമ്പർ	തുക₹
ശ്രീ ബാബുക്കുട്ടൻപിള്ള എള്ളുവിള പടിഞ്ഞാറ്റതിൽ വാർഡ് നമ്പർ - 16	12/16-8-2024 (ജില്ലാപഞ്ചായത്ത് വിഹിതം)	40000
ശ്രീമതി ജമീലാബീവി ഷെമീനാമൻസിൽ വാർഡ് നമ്പർ - 3	14/24-9-24 (പ്ലാൻ ഫണ്ട്-പൊതുവിഭാഗം)	40000
ശ്രീ ചന്ദ്രശേഖരൻ ശ്രീരശ്മി വാർഡ്-9	21/7-11-24 (പ്ലാൻ ഫണ്ട്-പൊതുവിഭാഗം)	40000
ശ്രീമതി സുശീല ചരുവിള വീട് വാർഡ് - 18	ചെക്ക് നമ്പർ - 463432 തീയതി - 19-12-24 (സംസ്ഥാനാവിഷ്കൃത ഫണ്ട്)	40000

മേൽ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം ആരംഭിക്കാത്തതിന് വിശദീകരണം ആവ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകവയറിക്ക്, മേൽ പറഞ്ഞ ഗുണഭോക്താക്കൾക്ക് നേരിട്ടും ഫോൺ മുഖേനയും തപാൽ വഴിയും അറിയിപ്പ് നൽകിയിട്ടുള്ളതാണെന്നും 2025 ഒക്ടോബറിനകം വീട് നിർമ്മാണം ആരംഭിച്ച് വിവരം അറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി.
ഭവന നിർമ്മാണം പൂർത്തീകരിച്ച് അറിയിക്കേണ്ടതും അല്ലാത്തപക്ഷം നൽകിയ തുക നിയമാനുസ്യത നടപടികളിലൂടെ തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

ഓഡിറ്റ് എൻകവയറി നമ്പർ 13/25-09-2025

1-17 വീട് വാസയോഗ്യമാക്കൽ - പണി പൂർത്തീകരിച്ചില്ല.

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ ചുവടെ പറയുന്ന പദ്ധതികളുമായി ബന്ധപ്പെട്ട അപേക്ഷകളും അനുബന്ധരേഖകളും പരിശോധിച്ചതിൽ ചില ഗുണഭോക്താക്കൾ ആദ്യ ഗഡു കൈപ്പറ്റിയെങ്കിലും നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

(1)പദ്ധതിയുടെ പേര് - വീട് വാസയോഗ്യമാക്കൽ എസ്സ്.സി.

പദ്ധതി നമ്പർ - 41

ഗുണഭോക്താവിന്റെ പേര്	നൽകിയ തുക	ബിൽ നമ്പർ/ തീയതി
ശ്രീ.ബാബു.കെ മറ്റത്തുവിള വീട് വാർഡ് -2	30000	41/25-2-25 (പ്ലാൻ - എസ്സ്.സി.പി)
ശ്രീ.ഉദയകുമാർ ഗൗരിസദനം വാർഡ് - 8	30000	51/25-3-25 (പ്ലാൻ - എസ്സ്.സി.പി)

(2)പദ്ധതിയുടെ പേര് - വീട് വാസയോഗ്യമാക്കൽ ജനറൽ

പദ്ധതി നമ്പർ - 35

ഗുണഭോക്താവിന്റെ പേര്	നൽകിയ തുക	ബിൽ നമ്പർ/ തീയതി
ശ്രീമതി. ജയശ്രീ ബംഗ്ലാവ് വിളപുത്തൻ വീട് വാർഡ് - 18	30000	48/13-3-25 പ്ലാൻ ഫണ്ട് - പൊതുവിഭാഗം

വീട് വാസയോഗ്യമാക്കൽ നടപടി പൂർത്തീകരിച്ച് അറിയിക്കേണ്ടതും അല്ലാത്തപക്ഷം റവന്യൂ റിക്കവറി നടപടികളിലൂടെ നൽകിയ തുക ഗുണഭോക്താക്കളിൽ നിന്ന് തിരികെ ഈടാക്കി അറിയിക്കേണ്ടതുമാണ്.

മേൽ പരാമർശിച്ച ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകവയറിക്ക്, പ്രസ്തുത ഗുണഭോക്താക്കൾക്ക് പല തവണ നേരിട്ടും ഫോൺ മുഖേനയും കത്ത് വഴിയും അറിയിപ്പ് നൽകിയിട്ടുള്ളതാണെന്നും 2025 ഡിസംബർ 31ന് മുമ്പായി പണി പൂർത്തീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി.

ഓഡിറ്റ് എൻകവയറി നമ്പർ – 14/26-09-2025
ഓഡിറ്റ് എൻകവയറി നമ്പർ – 15/26-09-2025

1-18 കാലി ബാരൽ വില ബന്ധപ്പെട്ട ഫണ്ടുകളിൽ ഒടുക്കാതെ തനത് ഫണ്ടിൽ ഒടുക്കി

ടാർ വാങ്ങുന്നതിന് തുക ഏത് ഫണ്ടിൽ നിന്നാണോ ചെലവായത് ആ ഫണ്ടിലേക്ക് കാലി ബാരലിന്റെ വില അടവാക്കേണ്ടതിന് പകരം തനത് ഫണ്ടിലേക്ക് ഒടുക്കി.

ധനകാര്യ വകുപ്പിന്റെ 03.10.2024 ലെ Insp Tech/1/512/2024 Fin. നമ്പർ നോട്ട് പ്രകാരം ടാർ വാങ്ങുന്നതിന് തുക ഏത് ഫണ്ടിൽ നിന്നാണോ ചെലവായത് ആ ഫണ്ടിലേക്ക് കാലി ബാരലിന്റെ വില അടവാക്കേണ്ടതാണ്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ടുകളിൽ നിന്നും ഈടാക്കിയ കാലി ബാരലിന്റെ വില പഞ്ചായത്തിന്റെ തനത് ഫണ്ടിലാണ് (LGTSB Account)അടവാക്കിയിട്ടുള്ളത്.

2024-2025 സാമ്പത്തിക വർഷം നടപ്പിലാക്കിയ റോഡ് ടാറിംഗ് പ്രോജക്ടുകളിൽ കാലി ബാരലിന്റെ വില തനത് ഫണ്ടിൽ ഒടുക്കിയതിന്റെ ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	**പ്രോജക്ടിന്റെ പേര്,അടങ്കൽ**	**ഫണ്ട്**	**ചെലവ് തുക/ബിൽ നമ്പർ**	**കാലി ബാരൽ എണ്ണം/ വില+**	**കാലി ബാരൽ വില സെക്രട്ടറിയുടെ അക്കൗണ്ടിൽ**

				ജി എസ് ടി	ഒടുക്കിയത് + ജി എസ് ടി
1.	ത്രിവേണി ജംഗ്ഷൻ മുതൽ പോലീസ് കോട്ടേഴ്സ് വരെ റോഡ് റീ ടാറിംഗ് -56/23-24, SO179/25 MGR -507000/-	MGR	537325/-	20, 5660/-	5660/-
2.	കുന്നുംപുറത്ത് മുക്ക് തടത്തിൽ ഏലാമുക്ക് റോഡ് റീ ടാറിംഗ് SO50/23-24, SO-188/25 506476/- (MGR-156564/- തനത് ഫണ്ട് -359912/-)	MGR	528094/-	14, 3962	3962/-
3.	തിരുവാതിര മധുസൂദനൻ പിള്ളയുടെ വീട് മുതൽ തെക്കോട്ട് കേരളപുരം പെരുമ്പുഴ റോഡ് പുനരുദ്ധാരണം – 232/23-24 SO187/25 MGR-600000/-	MGR	479480/-	9 2547/-	2547/-
4.	അഡ്വക്കേറ്റ് ജോർജ് മാത്യുവിന്റെ വീട് മുതൽ കോട്ടൂർ വീട് വരെ റോഡ് റീടാറിംഗ് -53/23-24,SO153 /25 MGR-506476/	MGR	499507/-	10 2830 /-	2830/-
5.	പറങ്കിമാംപിള്ള അബ്ദുൽ ഖാദറിന്റെ വീട് വരെ റോഡ് ടാറിംഗ് 65/23-24,So152/25 MGR 506476	MGR	506476/-	8, 2264/-	2264/-
6.	ശ്രീഹരി നിലയം തെക്കേ വിള റോഡ് റീടാറിംഗ് 69/23-24 SO160/25 MGR-506476/	MGR	506476/-	12 3396/-	3396/-
7.	തടത്തിൽ മുക്ക് മുതൽ കട്ട കമ്പനി ലക്ഷംവീട് റോഡ് റീടാറിംഗ് 83/23-24,SO183/25 MGR 1012952	MGR	1113657/-	39 11037/-	11037/-
8.	കൊപ്പാറ ജംഗ്ഷൻ മുതൽ ചക്കാല ഭാഗം വരെ റോഡ് റീടാറിംഗ് 70/23-24. SO183/25 MGR 1012952	MGR	531610/-	19, 53 77	5377
9	വൈദ്യർ മുക്ക് പിവിസി കമ്പനി റോഡ് റീടാറിംഗ് 84/23-24,SO176/25 MGR -506476/-	MGR	482308/-	17 4881/-	4881/-
10	ചിറയടി മുതൽ മൂലവാരം റോഡ് റീടാറിംഗ് 90/23-24, SO159/25 MGR-506476/-	MGR	506476/-	20 5660/-	5660/-

	10 പ്രവൃത്തികളുടെ ടാർ ബാരൽ വില 47544/- രൂപ ചിറയടി മൂലവാരം റോഡ് ബില്ലിൽ നിന്നും കുറവ് ചെയ്തു.		ബിൽ നമ്പർ -20/29.03.25 .TRN-240305520974017124 42/29.3.25		
11.	എസ്എംസി മുതലുള്ള റോഡ് റീടാറിംഗ് SO163/25 MGR -506476/-	MGR	513648/- (506476 -ബിൽ നമ്പർ 14/21.3.25)	13, 3679	3679/-
12.	എസ്എംസി ഹൗസ് നമ്പർ 169 മുതൽ റോഡ് റീടാറിംഗ് SO147/25, 300000/- ധനകാര്യ കമ്മീഷൻ ഗ്രാന്റ് -200000/- തനത് ഫണ്ട്- 100000/-	(ധനകാര്യ കമ്മീഷൻ ഗ്രാന്റ് -200000/-	309219/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ് -200000/- – (Sanction Order NO. 708/24.3.25) തനത് ഫണ്ട്- 100000/-)(Sanction Order NO. 709/24.3.25)	9., 2547/-	2547/-
13	കുളത്തിൻകര മുതൽ എസ്ബിടിഎം യുപിഎസ് വരെ റോഡ് മെയിന്റനൻസ് SO139/25 MGR628466/-	MGR	614024/ BRN-243055209740014 1087/9.5.24	20 5620/-	5620/-
14.	പാറ്റൂർ പുത്തൻവീട്ടിൽ ലൈൻമാൻ പുരുഷോത്തമന്റെ വീട് മുതൽ 19 നമ്പർ അംഗനവാടിയുടെ മുന്നിലൂടെ പാമ്പുറത്ത് ഏവരെ റോഡ് റീടാറിംഗ് SO145/25 MGR-506476/-	MGR	MGR-506476/- BRN-243055209740014 1319/9.5.24	19, 5339/-	5339/-
15.	വിവേകാനന്ദ ക്ലബ്ബ് മുതൽ മുണ്ടക്കൽ കോളനി ഊറ്റക്കുഴി വരെ റോഡ് റീടാറിംഗ് SO167/25 MGR-506476/-	MGR	409832/- BRN 243055209740169 1393/25.3.25	14, 3962/-	3962/-
16.	സന്തോഷ് മുക്കിൽ നിന്നും ഹരിപ്പാടൻ കോണം വരെ റോഡ് റീടാറിംഗ് SO184/25 2430552097400141MGR-506476/-	MGR	50676/- BRN 243055209740153 6753/16.3.25	11, 3113/-	3113/-

പഞ്ചായത്ത് ഫണ്ടിൽ നിന്നും ഈ തുക ബന്ധപ്പെട്ട ഫണ്ടിലേക്ക് തിരികെ അടവാക്കിയിട്ടുണ്ടെങ്കിൽ അതിന്റെ രേഖകൾ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. കാലി ബാരലിന്റെ ജിഎസ് ടി കിഴിച്ചുള്ള വില തനത് ഫണ്ടിൽ ഒടുക്കിയത് ബന്ധപ്പെട്ട ഫണ്ടിലേക്ക് തിരികെ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.
ഓഡിറ്റ് എൻകയറി നമ്പർ 24/3.10.25

1-19 മരുന്നുകൾ/മെഡിക്കൽ ഉപകരണങ്ങൾ പൂർണ്ണമായും ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ പറയുന്ന പദ്ധതികൾ പ്രകാരം തുക മുൻകൂറായി കേരള മെഡിക്കൽ സർവ്വീസസ്സ് കോർപ്പറേഷന് നൽകിയിട്ടും മരുന്നുകൾ/മെഡിക്കൽ ഉപകരണങ്ങൾ പൂർണമായും ലഭ്യമായില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) പദ്ധതിയുടെ പേര് - പി.എച്ച്.സിയ്ക്ക് മരുന്ന് വാങ്ങൽ
പദ്ധതി നമ്പർ - 28
അടങ്കൽ തുക -മെയിന്റനൻസ് ഫണ്ട്(റോഡിതരം) -965300 രൂപ
ചെലവഴിച്ച തുക – 964970 രൂപ

പ്രൊഫോർമ ഇൻവോയ്സ് നമ്പർ	ബിൽ നമ്പർ	നൽകിയ തുക	ലഭ്യമായ മരുന്നിന്റെ വില	ലഭ്യമാക്കാൻ അവശേഷിക്കുന്ന മരുന്നിന്റെ വില
PRF 1961-12/11/2024	29/18-12-24	798544	514864	283680
PRF 4223-11/03/2025	57/20-03-25	154656	31472	123184
			ആകെ	**406864**

2) പദ്ധതിയുടെ പേര് - ഡയാലിസിസ് രോഗികൾക്ക് മരുന്നും ഡയലൈസറും ഡയലൈസർ ട്യൂബും വാങ്ങൽ

പദ്ധതി നമ്പർ - 38

അടങ്കൽ തുക- മെയിന്റനൻസ് ഫണ്ട്(റോഡിതരം) - 500000 രൂപ

ചെലവഴിച്ച തുക -500000 രൂപ

പ്രൊഫോർമ ഇൻവോയ്സ് നമ്പർ	ബിൽ നമ്പർ	നൽകിയ തുക	ലഭ്യമായ മരുന്നിന്റെ /മെഡിക്കൽ ഉപകരണത്തിന്റെ വില	ലഭ്യമാക്കാൻ അവശേഷിക്കുന്ന മരുന്നിന്റെ / മെഡിക്കൽ ഉപകരണത്തിന്റെ വില
PRF2358-06/12/2024	41/20-2-25	500000	178880	**321120**

3) പദ്ധതിയുടെ പേര് - പാലിയേറ്റീവ് കെയർ

പദ്ധതി നമ്പർ - 142

അടങ്കൽ തുക -621719/-

വികസന ഫണ്ട് (സാധാരണ വിഹിതം) - 616719/- രൂപ

തനത് ഫണ്ട് - 5000/-രൂപ

ചെലവഴിച്ച തുക- വികസന ഫണ്ട് (സാധാരണ വിഹിതം) - 560920 രൂപ

പ്രൊഫോർമ ഇൻവോയ്സ് നമ്പർ	ബിൽ നമ്പർ	നൽകിയ തുക	ലഭ്യമായ മരുന്നിന്റെ / മെഡിക്കൽ ഉപകരണത്തിന്റെ വില	ലഭ്യമാക്കാൻ അവശേഷിക്കുന്ന മരുന്നിന്റെ /മെഡിക്കൽ ഉപകരണത്തിന്റെ വില
PRF 3987 -12/02/2024	1/12-8-24	560920	457277	**103643**

4) പദ്ധതിയുടെ പേര് - പാലിയേറ്റീവ് കെയർ

പദ്ധതി നമ്പർ - 32

അടങ്കൽ തുക- വികസന ഫണ്ട് (സാധാരണ വിഹിതം) - 876400 രൂപ

ചെലവഴിച്ച തുക – 742322

പ്രൊഫോർമ ഇൻവോയ്സ് നമ്പർ	ബിൽ നമ്പർ	നൽകിയ തുക	ലഭ്യമായ മരുന്നിന്റെ /മെഡിക്കൽ ഉപകരണത്തിന്റെ വില	ലഭ്യമാക്കാൻ അവശേഷിക്കുന്ന മരുന്നിന്റെ /മെഡിക്കൽ ഉപകരണത്തിന്റെ വില
PRF 2810 -06/01/2025	43/20-2-25	100312	60134	40178
PRF 3246 -27/01/2025	42/20-2-25	488221	213737	274484
			ആകെ	**314662**

കേരള മെഡിക്കൽ സർവ്വീസസ്സ് കോർപ്പറേഷനിൽ നിന്നും ആകെ **1146289** രൂപയുടെ മരുന്നുകൾ/ മെഡിക്കൽ ഉപകരണങ്ങൾ ഇനിയും ലഭ്യമാകാനുണ്ട്. മരുന്നുകൾ/മെഡിക്കൽ ഉപകരണങ്ങൾ ലഭ്യമാക്കാത്തത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

ലഭ്യമാകാനുള്ള മരുന്നുകൾ/മെഡിക്കൽ ഉപകരണങ്ങളുടെ വിലയായ 1146289 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്നുകൾ/മെഡിക്കൽ ഉപകരണങ്ങൾ അടിയന്തിരമായി ലഭ്യമാക്കി

രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.
ഓഡിറ്റ് എൻകൃയറി നമ്പർ 18/28-09-2025
തടസ്സപ്പെടുത്തുന്ന തുക – **1146289** രൂപ.

1-20 ഹോമിയോ മരുന്നു വാങ്ങൽ- മരുന്നുകൾ മുഴുവൻ ലഭ്യമായില്ല

പ്രോജക്ട് നം-58/25
അടങ്കൽ- മെയിന്റനൻസ് ഫണ്ട് റോഡിതരം-200000/-
ചെലവ്-200000/-
2024-25 വർഷം മെഡിക്കൽ ഓഫീസർ ഹോമിയോ നിർവഹണം നടത്തിയ പദ്ധതിയാണ് മരുന്നുവാങ്ങൽ. പ്രസ്തുത പദ്ധതിയിൽ ഹോംകോയ്ക്ക് 200000/- രൂപ മരുന്നുകൾ ലഭ്യമാക്കുന്നതിന് നൽകിയെങ്കിലും 101979/-രൂപയുടെ മരുന്നുകൾ ലഭ്യമാകാൻ അവശേഷിക്കുന്നു.വിശദവിവരം ചുവടെ ചേർക്കുന്നു.

പ്രൊഫോർമ ഇൻവോയ്സ് നം/തീയതി നൽകിയതുക	ടാക്സ്ഇൻവോയ്സ് നമ്പർ /തീയതി ലഭ്യമായ മരുന്നുകളുടെ തുക	ലഭ്യമാകാനുള്ള മരുന്നുകളുടെ തുക
PRF NO-1150/ DTD 21-1-25 200000/- Treasury Reference No-240305000000012686 DTD 22/2/25	LF-708DTD 10/7/25 98021/-	101979/-
200000/-	98021/-	101979/-

മരുന്നുകൾ ലഭ്യമാകുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം ആവശ്യപ്പെട്ടു നൽകിയ എൻകൃയറിക്ക്, മരുന്നുകൾ ലഭ്യമാക്കുന്നതിന് തുടർനടപടികൾ
സ്വീകരിച്ചിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി. മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം ലഭ്യമാക്കേണ്ടതാണ്.
ഓഡിറ്റ് എൻകൃയറി നം-16/27.9.25

1-21 സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായ പ്രോജക്ടുകൾ- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി 2024 -25 വർഷം നടപ്പാക്കിയ ചുവടെ ചേർത്തിട്ടുള്ള പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം നാളിതുവരെ ലഭ്യമാക്കിയിട്ടില്ല.

പ്രോജക്ട് നമ്പർ	പ്രോജക്റ്റിന്റെ പേര്	അടങ്കൽ	ചെലവ്	ബിൽ നമ്പരും തുകയും	തുക കൈപ്പറ്റിയ സ്ഥാപനം
301/25	എബിസി സെന്റർ -ജില്ലാ പഞ്ചായത്തിന് തുക കൈമാറൽ	വികസന ഫണ്ട് ജനറൽ-50000/-	വികസന ഫണ്ട് ജനറൽ -50000/-	24030552097301589896 തീയതി19.03.2025-50000/-	ജില്ലാ പഞ്ചായത്ത്
33/25	നായ്ക്കളുടെ വാക്സിനേഷൻ - ജില്ലാ പഞ്ചായത്തിന് തുക കൈമാറൽ	വികസന ഫണ്ട് ജനറൽ-100000/-	വികസന ഫണ്ട് ജനറൽ-100000/-	24030552097301209973 തീയതി22.01.2025-100000/-	ജില്ലാ പഞ്ചായത്ത്
253/25	വിവിധ കൈത്തോടുകളുടെ സംരക്ഷണം	നഗരസഞ്ചയ ഫണ്ട്-2000000/-	നഗരസഞ്ചയ ഫണ്ട്-2000000/-	90 തീയതി06 .11.2024(ചെക്ക് നമ്പർ 037272 തീയതി06.11.2024)-2000000/-	മൈനർ ഇറിഗേഷൻ ഡിവിഷൻ കൊല്ലം

മേൽ പ്രോജക്ടുകൾ പ്രകാരം പ്രസ്തുത സ്ഥാപനങ്ങളിലേക്ക് നൽകപ്പെട്ട തുകകളുടെ വിനിയോഗ സാക്ഷ്യപത്രം നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ്

എൻകൃയറിക്ക്, മേൽ സ്ഥാപനങ്ങളിലേക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് കത്തുകൾ നൽകിയതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ മേൽ പ്രോജക്ടുകൾ പ്രകാരമുള്ള 2150000/-(50000+100000+2000000)രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.
ഓഡിറ്റ് എൻകൃയറി നം.11/24.09.2025

തടസ്സം -2150000/-

1-22 2020 -21-ൽ നടപ്പാക്കിയ പദ്ധതിയിലെ ബാക്കി നിൽക്കുന്ന തുക തൻവർഷം നൽകി - അനുബന്ധ രേഖകൾ ഹാജരാക്കിയില്ല.104250/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നമ്പർ	SO 219/25
പ്രോജക്ടിന്റെ പേര്	തെരുവ് വിളക്ക് വാങ്ങൽ
നിർവഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
അടങ്കൽ	സി എഫ് സി ഗ്രാന്റ്-311388/- തനത് ഫണ്ട് -121944/- ആകെ-433332/-
ചെലവ്	തനത് ഫണ്ട് -104250/-
എ .സി .ആർ ബിൽ നമ്പരും തീയതിയും	56/20.07.2024

2020 -21 സാമ്പത്തിക വർഷത്തിൽ സി.എഫ്.സി ഗ്രാന്റ് വകയിരുത്തി നടപ്പിലാക്കിയ പദ്ധതിയിൽ പഞ്ചായത്തിന് സി. എഫ്. സി ഗ്രാന്റ് തുക നാളിതുവരെ ലഭിച്ചില്ല എന്ന കാരണം രേഖപ്പെടുത്തി 2024 -25 വർഷത്തിൽ മേൽ പ്രോജക്ട് തയ്യാറാക്കുകയും തനത് ഫണ്ടിൽ നിന്നും 104250/ രൂപ യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്, പള്ളിമുക്ക് എന്ന സ്ഥാപനത്തിന് 29 .03. 2023ലെ UEI/1124 നമ്പർ ഇൻവോയ്സ് പ്രകാരം നൽകുകയും ചെയ്തു. എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റ് സിസ്റ്റം -35 Watts 147 എണ്ണം വാങ്ങിയതിന് ഒരെണ്ണത്തിന് 2750.5 രൂപയും 18% ജിഎസ്ടിയും ചേർത്ത് ആകെ 482306/-രൂപയാണ് ഇൻവോയ്സ് തുക. ആയതിൽ ബാക്കിനിന്ന തുകയാണ് മേൽ പ്രോജക്ട് പ്രകാരം കൈമാറിയിട്ടുള്ളത്. എന്നാൽ 2020-21-ലെ ബന്ധപ്പെട്ട പ്രോജക്ട്, ആയതിന് തൻവർഷം നൽകിയ തുക എന്നതിനെ സംബന്ധിച്ച് മറ്റു വിവരങ്ങളൊന്നും ഫയലിൽ ലഭ്യമാക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിക്ക്, പ്രസ്തുത ഫയൽ കേസിന്റെ ആവശ്യത്തിന് പോലീസ് സ്റ്റേഷനിൽ നൽകിയിരിക്കുന്നു എന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മുൻ വർഷ പ്രോജക്ടും നൽകിയ തുക സംബന്ധിച്ച് രേഖകളും ലഭ്യമാക്കാത്ത സാഹചര്യത്തിൽ 104250/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.
ഓഡിറ്റ് എൻകൃയറി നം.8 /24.09.2025

തടസ്സം -104250/രൂപ

1-23 പെൻഷൻ കോൺട്രിബ്യൂഷൻ വിഹിതം അടവാക്കുന്നതിൽ കുറവ്

1996 ലെ കേരള മുൻസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങൾ ചട്ടം7(2) പ്രകാരം ഓരോ ജീവനക്കാരന്റെയും പ്രതിമാസ മൊത്ത വേതനത്തിന്റെ 15% പെൻഷൻ വിഹിതമായി സെൻട്രൽ പെൻഷൻ ഫണ്ടിൽ ഒടുക്കേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ മുൻസിപ്പൽ കോർപ്പറേഷനിൽ നിന്നും സ്ഥലംമാറ്റം ലഭിച്ച് പഞ്ചായത്തിൽ നിയമനം കിട്ടിയിട്ടുള്ള ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ അടിസ്ഥാന ശമ്പളത്തിന്റെ 15% മാത്രമേ നഗരകാര്യ ഡയറക്ടറുടെ പേരിലുള്ള സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് അടവാക്കിയിട്ടുള്ളൂ. ഉദാഹരണം ചുവടെ ചേർക്കുന്നു.

ജീവനക്കാരന്റെ പേരും തസ്തികയും	ആകെ വേതനം ജൂൺ 2024	പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ അടവാക്കിയ തുക	പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ അടവാക്കേണ്ടിയിരുന്ന തുക	അടവാക്കിയതിലെ കുറവ്
ശ്രീമതി രശ്മി എൻ, സീനിയർ ക്ലാർക്ക്	44500+4005+1780=50285	6675/-(44500/-ന്റെ 15%)	7543/-(50285/-ന്റെ 15%)	868/-
ശ്രീ ഇസാക്കി	60700+5463+2428+110=68701	9105/-(60700/-ന്റെ	10305/-(68701/- ന്റെ 15%)	1200/-

സി, ഓഫീസ് അറ്റൻഡ്		15%)		

മേൽ ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ അടവാക്കിയ തുകയിൽ കുറവ് വന്നത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിക്ക്, കുറവ് വന്ന പെൻഷൻ കോൺട്രിബ്യൂഷൻ തുക കൂടിശ്ശിക സഹിതം അടവാക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മുൻസിപ്പൽ കോർപ്പറേഷനിൽ നിന്നും മറ്റ് മുനിസിപ്പാലിറ്റികളിൽ നിന്നും സ്ഥലം മാറ്റത്തിലൂടെ പഞ്ചായത്തിൽ സേവനമനുഷ്ഠിക്കുന്ന എല്ലാ ജീവനക്കാരുടേയും പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ കുറവ് വന്ന തുക കൂടിശിക സഹിതം അടവാക്കി വിവരം അറിയിക്കേണ്ടതാണ്.
ഓഡിറ്റ് എൻകൃയറി നമ്പർ 23/29.09.2025

1-24 തെരുവുവിളക്ക് പരിപാലനം -ഓട്ടോമാറ്റിക് സെൻസർ വാങ്ങൽ -അനുബന്ധ രേഖകൾ ഹാജരാക്കിയില്ല-205800/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നമ്പർ	237/25
പ്രോജക്റ്റിന്റെ പേര്	തെരുവ് വിളക്ക് പരിപാലനം - ഓട്ടോമാറ്റിക് സെൻസർ വാങ്ങൽ
നിർവഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
അടങ്കൽ	തനത് ഫണ്ട് -250000/-
ചെലവ്	തനത് ഫണ്ട് -205800/-
എ. സി .ആർ ബിൽ നമ്പരും തീയതിയും	568/31.03.2025

ടി പ്രോജക്ടിൽ ഉൾപ്പെടുത്തി പഞ്ചായത്തിലെ വിവിധ വാർഡുകളിലേക്ക് 420 ഓട്ടോമാറ്റിക് സെൻസർ വാങ്ങിയ ഇനത്തിൽ അക്രഡിറ്റഡ് ഏജൻസിയായ കെൽ, കുണ്ടറ എന്ന സ്ഥാപനത്തിന് സെൻസർ ഒന്നിന് 490 രൂപ നിരക്കൽ 205800 രൂപ നൽകിയിട്ടുണ്ട് (ഇൻവോയ്സ് നമ്പർ 609 തീയതി 01.11 .20024). എന്നാൽ വാങ്ങിയ സെൻസറുകൾ ഏതൊക്കെ വാർഡുകളിൽ, ഏതൊക്കെ പോസ്റ്റുകളിലായി, എത്ര എണ്ണം സ്ഥാപിച്ചു എന്നതിനെ സംബന്ധിച്ചുള്ള വാർഡ് മെമ്പർമാരുടെ വിശദമായ റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല. കൂടാതെ ഇത് സംബന്ധിക്കുന്ന മോണിറ്ററിംഗ് റിപ്പോർട്ടും ഫയലിൽ ലഭ്യമാക്കിയിട്ടില്ല. തെരുവിളക്ക് പരിപാലനം കരാർ എടുത്തിട്ടുള്ള വ്യക്തിക്ക് 420 സെൻസറുകൾ വിതരണം ചെയ്തതായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട് എന്നതല്ലാതെ മറ്റു വിശദവിവരങ്ങളൊന്നും ഫയലിൽ ലഭ്യമല്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത രേഖകളുടെ അഭാവത്തിൽ 205800/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.
ഓഡിറ്റ് എൻകൃയറി നമ്പർ 9/24.09.2025

തടസ്സം-205800/-രൂപ

1-25 ബഡ്സ് സ്കൂൾ - വാഹന വാടക അധികം നല്കി

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ബഡ്സ് സ്കൂൾ പദ്ധതിയിൽ വാഹന വാടകയിനത്തിൽ 7500/- രൂപ അധികം നല്കി.

	ബഡ്സ് സ്കൂൾ 2024-25 (New -72/25)
അടങ്കൽ	2180000/-(വികസനഫണ്ട് പൊതുവിഭാഗം സാധാരണ വിഹിതം – 1580000/-, ബ്ലോക്ക് പഞ്ചായത്ത് വിഹിതം – 600000/- ,
ചെലവ്	1259299/-(വികസനഫണ്ട് പൊതുവിഭാഗം സാധാരണ വിഹിതം – 1259299/-)

ബഡ്സ് സ്കൂൾ പദ്ധതിയ്ക്കായി ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

ബിൽ നമ്പർ/തീയതി	തുക രൂപ)	മാസം/ചെലവ് വിവരം
BRN 240305520016006549 17/10.9.24	384999/-	6/24 വേതനം ആയ – 18390X2 ടീച്ചർ1 - 1674/- വാഹന വാടക – 18 ദിവസം – 45000/-

		ബിസ്ക്കറ്റ് , പാൽ -2346 ആകെ -85800/-
		7/24 വേതനം ആയ – 18390X2 ടീച്ചർ- 32560X2 വാഹന വാടക – 55 ദിവസം – 55000/- ആകെ -156900/-
		8/24 വേതനം ആയ – 18390X2 ടീച്ചർ1 - 32560 +30459 വാഹന വാടക – 17 ദിവസം – 42500/- ആകെ -142299/-
BRN 24030552001600902764/14.11.24	136900/-	9/24 വേതനം ആയ – 18390X2 ടീച്ചർ1 - 32560X2 വാഹന വാടക – 14ദിവസം – 35000/-
BRN 24030552001601030094/13.12.24	306300/	10& 11/2024 വേതനം ആയ – 36780X2 ടീച്ചർ - 65120X2 വാഹന വാടക –41 ദിവസം – 102500/-
BRN 24030552001601276034/04.02.25	281700/	12/2024&1/25 വേതനം ആയ – 36780X2 ടീച്ചർ1 - 65120 ടീച്ചർ 2 -63020/- വാഹന വാടക –34ദിവസം – 80000/-
.BRN 24030552001601421843/04.03.25	149400/-	2/25 വേതനം ആയ – 18390X2 ടീച്ചർ1 - 32560X2 വാഹന വാടക –18ദിവസം – 47500/-

ചെലവ് തുകകളുടെ കൃത്യത പരിശോധിക്കുന്നതിന് അറ്റൻഡൻസ് , വാഹന വാടകയുടെ വൗച്ചർ എന്നിവ ഹാജരാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻകൃയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ഹാജരാക്കിയ അറ്റൻഡൻസ് രജിസ്റ്റർ പ്രകാരം ബഡ്സ് സ്കൂൾ പ്രവർത്തിച്ച ദിവസങ്ങളേക്കാൾ ഓരോ ദിവസം കൂടുതലായി 6/24, 8/24, 9/24 മാസങ്ങളിൽ വാഹന വാടക നല്കിയിട്ടുണ്ട്. വിവരം ചുവടെ ചേർക്കുന്നു.

മാസം	വാഹന വാടക നല്കിയ ദിവസങ്ങളുടെ എണ്ണം/ തുക രൂപ)@2500/-	അറ്റൻഡൻസ് രജിസ്റ്റർ പ്രകാരം ബഡ്സ് സ്കൂൾ പ്രവർത്തിച്ച ദിവസങ്ങൾ, നല്കാവുന്ന തുകരൂപ)	
6/24	18/45000/-	17/42500/-	2500/-
8/24	17/42500/-	16/40000/-	2500/-
9/24	14/35000/-	13/32500/-	2500/-
ആകെ			7500/-

വാഹന വാടകയിനത്തിൽ ശ്രീ. ഷമീർ. എ ഡ്രൈവർക്ക് അധികം നല്കിയ 7500/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. തുക തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കേണ്ടതാണ്.
ഓഡിറ്റ് എൻകൃയറി നമ്പർ -20/29.09.2025
നിരാകരിക്കുന്ന തുക – 7500/- രൂപ

1-26 പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്-ഗുണഭോക്തൃ ലിസ്റ്റിൽ

ഉൾപ്പെടാത്തവർക്ക് ആനുകല്യം നല്കി

പദ്ധതിയുടെ പേര്	പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്
പദ്ധതി നമ്പർ	126/25
അടങ്കൽ	വികസനഫണ്ട് (SCP) -1081350/-
ചെലവ്	1020000/-(ബിൽ നമ്പർ – 8/22.3.25=965000/-, ബിൽ നമ്പർ – 9/25.3.25 =55000/-

അസിസ്റ്റന്റ് സെക്രട്ടറി നർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് പദ്ധതിയിൽ ആനുകൂല്യം വാങ്ങിയ താഴെപ്പറയുന്ന ഗുണഭോക്താക്കൾ, ഹാജരാക്കിയ ഗുണഭോക്ത്യ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.

രജിസ്റ്ററിലെ ക്രമ നമ്പർ	ഗുണഭോക്താവിന്റെ പേര്, വിലാസം, കോഴ്സ്, കൈപ്പറ്റിയ തുക
ക്രമ നമ്പർ 27	ശ്രീമതി അനാമിക അനിൽ, പ്ലാവിള വീട്, അമ്പിപൊയ്ക പി.ഒ, വാർഡ് .7 ബി.ടെക്., 25000/-രൂപ
ക്രമ നമ്പർ -31	ശ്രീമതി അനുജ.എസ്, പൊയ്കയിൽ വീട്, പെരുമ്പുഴതാഴം, പെരുമ്പുഴ വാർഡ് -11 ഡിപ്ലോമ ഇൻ ഒപ്താൽമിക് അസിസ്റ്റന്റ്, 15000/-രൂപ
ക്രമ നമ്പർ -37	ശ്രീ അനന്ദു .എം, സരസ്വതി ഭവൻ പുനുക്കന്നൂർ, അമ്പിപൊയ്ക പി ഒ വാർഡ് 18 ബി.കോം, 20000/-രൂപ
ക്രമ നമ്പർ -44	ശ്രീമതി വിജിത .ജി. വരമ്പേൽ പുത്തൻവീട്, പെരുമ്പുഴ. പി.ഒ വാർഡ് -20 ഐ.റ്റി. ഐ, 15000/-രൂപ

ഗുണഭോക്താക്കളുടെ ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്ത്യ ലിസ്റ്റ് ഹാജരാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യാക്കിയില്ല. ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്ത്യ ലിസ്റ്റ് ഹാജരാക്കുന്നത് വരെ മേൽ ഗുണഭോതാക്കൾക്ക് നല്കിയ 75000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.
ഓഡിറ്റ് എൻകയറി നമ്പർ -20/29.09.2025
തടസ്സപ്പെടുത്തുന്ന തുക 75000/- രൂപ

1-27 തെങ്ങുംപണ മുതൽ സുനിൽ വസതി വരെ റോഡ് കോൺക്രീറ്റ്-ഇൻഷ്വറൻസ് എടുക്കാത്ത കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയില്ല

സർക്കാർ ഉത്തരവ് ജി.ഒ.(പി.)നം.3/2017/പി.ഡബ്യു.ഡി./09.08.2017- ലെ നിബന്ധനകളിൽ പന്ത്രണ്ടായി കരാറുകാരൻ പ്രവൃത്തിയുമായി ബന്ധപ്പെട്ട് ഇൻഷ്വറൻസ് പോളിസി എടുക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. കരാറുകാരന്റെ ലെറ്റർ ഓഫ് അക്സപ്റ്റൻസ്-ലെ ആറാം നിബന്ധനയിൽ കരാറുകാരൻ, കരാർ തുകയുടെ 0.5% ശതമാനം ഏറ്റവും കുറഞ്ഞത് 2,00,000/- ലക്ഷം രൂപയുടെ ഇൻഷ്വറൻസ് എടുക്കാത്ത പക്ഷം കരാർ തുകയുടെ 0.2% തുക ഫൈൻ ആയി ബില്ലിൽ നിന്നും കിഴിച്ച് മാത്രമേ തുക അനുവദിയ്ക്കുകയുള്ളൂ. തെങ്ങുംപണ മുതൽ സുനിൽ വസതി വരെ റോഡ് കോൺക്രീറ്റ് – എസ്ഒ 20, എസ്ഒ 129/25 എന്ന പ്രവൃത്തിയുടെ കരാറുകാരനിൽ നിന്ന് ഇൻഷുറൻസ് എടുക്കാത്തതിന് പിഴ ഈടാക്കിയില്ല.

അടങ്കൽ തുക	വികസന ഫണ്ട് -6,00,000/-രൂപ
എഗ്രിമെന്റ് നം/തീയതി	19AE/ LSGD / PTZY/2024-25/
ബിൽ നം./ ചെക്ക് നം./ തീയതി, തുക	BRN -24.30552097401691101/25.3.25
ഇഎം. ബുക്ക് നമ്പർ	66043/2024
കരാറുകാരൻ	ശ്രീ. വിജയരാജ് .ഡി,
കരാർതുക	409778/- രൂപ
ഈടാക്കേണ്ട പിഴ	409778 X0.2% =820/- രൂപ

ഇൻഷ്വറൻസ് എടുക്കാത്ത മേൽ കരാറുകാരനിൽ നിന്നും 820/- രൂപ പിഴ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.
ഓഡിറ്റ് എൻകയറി നമ്പർ 27/3.10.25

1-28 പ്രവൃത്തി പൂർത്തീകരണത്തിലെ കാലതാമസം - പിഴ ഈടാക്കിയില്ല

മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണത്തിന് അനുവദനീയമായ കാലയളവിന് ശേഷമുള്ള കാലതാമസത്തിന് ഓരോ ആഴ്ചയിലും കരാർത്തുകയുടെ 0.1% നിരക്കിൽ നഷ്ടപരിഹാരമായി ഈടാക്കണമെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല.

മരാമത്ത് പ്രവൃത്തികളിൽ ഒരു പ്രവൃത്തിയുടെ പൂർത്തീകരണത്തിന് അനുവദനീയമായ കാലയളവിന് ശേഷമുള്ള കാലതാമസത്തിന് ഓരോ ആഴ്ചയിലും കരാർത്തുകയുടെ 0.1% നിരക്കിൽ നഷ്ടപരിഹാരമായി ഈടാക്കണമെന്നും ആയതിന്റെ പരമാവധി കരാർ തുകയുടെ 10% ആയിരിക്കുമെന്നും കേരള പൊതുമരാമത്ത് മാന്വൽ (G.O (P)13/2012 PWD/01.12.2012 സെക്ഷൻ 2116.1(1) ൽ നിബന്ധനയുണ്ട്. 2.4.24ലെ ജി.ഒ.(എം.എസ്.)നം. 21/24പി.ഡബ്ല്യു.ഡി.ഉത്തരവിലും ഇത് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പ്രവൃത്തികളുടെ പൂർത്തീകരണത്തിന് അനുവദനീയമായ കാലയളവിന് ശേഷമുള്ള കാലതാമസത്തിന് ഓരോ ആഴ്ചയിലും കരാർത്തുകയുടെ 0.1% നിരക്കിൽ നഷ്ടപരിഹാരമായി ഈടാക്കണമെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല.

1.

പ്രോജക്ട് നമ്പർ	So88/24 So184/25
പ്രോജക്ടിന്റെ പേര്	സന്തോഷ് മുക്കിൽ നിന്നും ഹരിപ്പാടൻ കോണം വരെ റോഡ് റീ ടാറിംഗ്
അടങ്കൽ തുക / ഫണ്ട്	506476 MG-R
കരാറുകാരൻ	ശ്രീ. ബി. വിക്രമൻ
കരാർത്തുക	450693/- രൂപ
എഗ്രിമെന്റ് നം/തീയതി	20/AE/LID&EW/ELM/2024-25/4.10.24
ബിൽ നം./തീയതി, തുക	11/18.3.25(BRN 240305520974015567 53/16.3.25-506475/-
ഇ-എം. ബുക്ക് നമ്പർ	71257/2023-5-1-1
സൈറ്റ് കൈമാറിയ തീയതി	13.01.24
പ്രവൃത്തി ആരംഭിച്ച തീയതി	13.01.24
പൂർത്തീകരണ കാലയളവ്	6 മാസം
പൂർത്തീകരിയ്ക്കേണ്ട തീയതി	12.07.24
പൂർത്തീകരിച്ച തീയതി	9.3.25
വൈകിയ കാലയളവ്	241 ദിവസം
ഈടാക്കേണ്ട പിഴ **PACx(0.1/100)X(വൈകിയ ദിവസങ്ങൾ/7)** 450693**x**(.1/100)(241/7)	15517/-
ഈടാക്കിയത്	-
ഈടാക്കാൻ ബാക്കി	15517/-

2.

പ്രോജക്ട് നമ്പർ	SO77/24 SO175/25
പ്രോജക്ടിന്റെ പേര്	കോള പൊയ്ക തുണ്ടിൽ റോഡ്
അടങ്കൽ തുക / ഫണ്ട്	300000/- CFC -200000/- Own Fund -100000/-
കരാറുകാരൻ	ശ്രീ. വിജയരാജ്. ഡി
കരാർത്തുക	198210/-രൂപ
എഗ്രിമെന്റ് നം/തീയതി	10/AE/LID&EW/ELM/2023-.24-/13.9.23
ബിൽ നം./തീയതി, തുക	233888/-Sanction Order NO. 334/11.9.24-200000/- Sanction Order NO. 333/11.9.24 – 33888/-(Own Fund)
ഇ-എം. ബുക്ക് നമ്പർ	5821./2023 -5-1-1

സൈറ്റ് കൈമാറിയ തീയതി	14.9.23
പ്രവൃത്തി ആരംഭിച്ച തീയതി	14.9.23
പൂർത്തീകരണ കാലയളവ്	6 മാസം
പൂർത്തീകരിയ്ക്കേണ്ട തീയതി	13.3.24
പൂർത്തീകരിച്ച തീയതി	6.8.24
വൈകിയ കാലയളവ്	146 ദിവസം
ഈടാക്കേണ്ട പിഴ **PACx(0.1/100)X(വൈകിയ ദിവസങ്ങൾ/7)** **198210x**(.1/100)(146/7)	4134/-
ഈടാക്കിയത്	-
ഈടാക്കാൻ ബാക്കി	4134/-

3

പ്രോജക്ട് നമ്പർ	So86/24 So189/25
പ്രോജക്ടിന്റെ പേര്	കട്ടവിള മുക്ക് മഠത്തിൽ മുക്ക് റോഡ് കോൺക്രീറ്റ്
അടങ്കൽ തുക / ഫണ്ട്	300000/- CFC -200000/- Own Fund -100000/-
കരാറുകാരൻ	ശ്രീ. അനിൽ.ആർ
കരാർത്തുക	198220/- രൂപ
എഗ്രിമെന്റ് നം/തീയതി	19/AE/LID&EW/ELM/2023-.24-/13.10.23
ബിൽ നം./തീയതി, തുക	21925/- Sanction Order NO. 428/28.11.24-200000/- Sanction Order NO. 429/28.11.24 – 19525/-
ഇ-എം. ബുക്ക് നമ്പർ	70943/2023-24 5.1.1
സൈറ്റ് കൈമാറിയ തീയതി	19.10.23
പ്രവൃത്തി ആരംഭിച്ച തീയതി	19.10.23
പൂർത്തീകരണ കാലയളവ്	6 മാസം
പൂർത്തീകരിയ്ക്കേണ്ട തീയതി	18.4.24
പൂർത്തീകരിച്ച തീയതി	18.11.24
വൈകിയ കാലയളവ്	204 ദിവസം
ഈടാക്കേണ്ട പിഴ **PACx(0.1/100)X(വൈകിയ ദിവസങ്ങൾ/7)** **198220x**(.1/100)(204/7)	5777/-
ഈടാക്കിയത്	-
ഈടാക്കാൻ ബാക്കി	5777/-

4.

പ്രോജക്ട് നമ്പർ	So 87/24 SO172/25
പ്രോജക്ടിന്റെ പേര്	മംഗലത്ത് മുതൽ നടരൂർ എല്ലാവരെയും റോഡ് കോൺക്രീറ്റ് റ്റിംഗ്
അടങ്കൽ തുക / ഫണ്ട്	300000/- CFC -200000/- Own Fund -100000
കരാറുകാരൻ	ശ്രീ.മുരളീധരൻപിള്ള
കരാർ ത്തുക	217427/-
എഗ്രിമെന്റ് നം/തീയതി	12/AE/LiD&EW/ELM/23-24 16.9.2023
ബിൽ നം./തീയതി, തുക	Sanction Order NO. 372/22.10.24- 100000/- Sanction Order NO.373/22.10.24– 155120/-(CFC)
ഇ-എം. ബുക്ക് നമ്പർ	58234/2023-5.1.1.

സൈറ്റ് കൈമാറിയ തീയതി	26.9.23
പ്രവൃത്തി ആരംഭിച്ച തീയതി	26.9.23
പൂർത്തീകരണ കാലയളവ്	6
പൂർത്തീകരിയ്ക്കേണ്ട തീയതി	25.3.24
പൂർത്തീകരിച്ച തീയതി	9.10.24
വൈകിയ കാലയളവ്	198 ദിവസം
ഈടാക്കേണ്ട പിഴ **PACx(0.1/100)X(വൈകിയ ദിവസങ്ങൾ/7)** **217420x**(.1/100)(198/7)	6150/-
ഈടാക്കിയത്	-
ഈടാക്കാൻ ബാക്കി	6150/-

5.

പ്രോജക്ട് നമ്പർ	So 267/23-24 174/25
പ്രോജക്ടിന്റെ പേര്	സുന്ദരൻ പിള്ളയുടെ വീട് മുതൽ ഏലാവഴി കനാൽ റോഡിന് ഓട നിർമ്മാണം
അടങ്കൽ തുക / ഫണ്ട്	300000/- CFC -200288/- Own Fund -129772/-
കരാറുകാരൻ	ശ്രീ.വിക്രമൻ ബി.
കരാർ ത്തുക	269111/-
എഗ്രിമെന്റ് നം/തീയതി	58/8/AE Lsgd/Tkvm/22-23 30.3.23
ബിൽ നം./തീയതി, തുക	Sanction Order NO. 202/25.6.24-200288/- Sanction Order NO.203/25.6.24 -31869/-
ഇ-എം. ബുക്ക് നമ്പർ	5572/23
സൈറ്റ് കൈമാറിയ തീയതി	31.3.23
പ്രവൃത്തി ആരംഭിച്ച തീയതി	31.3.23
പൂർത്തീകരണ കാലയളവ്	4 മാസം
പൂർത്തീകരിയ്ക്കേണ്ട തീയതി	30.7.23
പൂർത്തീകരിച്ച തീയതി	29.3.24
വൈകിയ കാലയളവ്	243 ദിവസം
ഈടാക്കേണ്ട പിഴ **PACx(0.1/100)X(വൈകിയ ദിവസങ്ങൾ/7)** **269111x**(.1/100)(243/7)	9342/-
ഈടാക്കിയത്	-
ഈടാക്കാൻ ബാക്കി	9342/-

6.

പ്രോജക്ട് നമ്പർ	S0067/24 SO186/25
പ്രോജക്ടിന്റെ പേര്	പള്ളിമുക്ക് ആലിമൂട്ടിൽ ജംഗ്ഷൻ ചിറയിൽ കോളനി റോഡ് കോൺക്രീറ്റ്
അടങ്കൽ തുക / ഫണ്ട്	300000/- CFC -200000/- Own Fund -100000/-
കരാറുകാരൻ	ശ്രീ.അനിൽ ആർ
കരാർത്തുക	217970/-
എഗ്രിമെന്റ് നം/തീയതി	13/AE/LID&EW/ELM/2023-.24-/16.09.23

ബിൽ നം./തീയതി, തുക	Sanction Order NO. 376/22.10.24-200000/- Sanction Order NO. 376/22.10.24 – 13882/--
ഇ-എം. ബുക്ക് നമ്പർ	58148/2023 5.1.1
സൈറ്റ് കൈമാറിയ തീയതി	26.9.23
പ്രവൃത്തി ആരംഭിച്ച തീയതി	26.9.23
പൂർത്തീകരണ കാലയളവ്	6 മാസം
പൂർത്തീകരിയ്ക്കേണ്ട തീയതി	25.03.24
പൂർത്തീകരിച്ച തീയതി	3.10.24
വൈകിയ കാലയളവ്	192 ദിവസം
ഈടാക്കേണ്ട പിഴ **PACx(0.1/100)X(വൈകിയ ദിവസങ്ങൾ/7)** **217970x**(.1/100)(192/7)	5979/-
ഈടാക്കിയത്	-
ഈടാക്കാൻ ബാക്കി	5979/-

7.

പ്രോജക്ട് നമ്പർ	S0081/24 SO216/25
പ്രോജക്ടിന്റെ പേര്	മുണ്ടകപ്പള്ളി ക്ഷേത്രം ഏലാ റോഡ് കോണ്ക്രീറ്റിംഗ്
അടങ്കൽ തുക / ഫണ്ട്	300000/- CFC -200000/- Own Fund -100000/-
കരാറുകാരൻ	ശ്രീ.അനിൽ. ആർ
കരാർ ത്തുക	194702/-
എഗ്രിമെന്റ് നം/തീയതി	16/AE/LID&EW/ELM/2023-.24-/30.09.23 16(A)/AE/LID&EW/ELM/2023-.24-/15.10.24
ബിൽ നം./തീയതി, തുക	Sanction Order NO. 374/22.10.24-200000/- Sanction Order NO. 375/22.10.24 – 13882/--
ഇ-എം. ബുക്ക് നമ്പർ	70143/23 5.1.1
സൈറ്റ് കൈമാറിയ തീയതി	5.10.23
പ്രവൃത്തി ആരംഭിച്ച തീയതി	5.10.23
പൂർത്തീകരണ കാലയളവ്	6 മാസം
പൂർത്തീകരിയ്ക്കേണ്ട തീയതി	04.04.24
പൂർത്തീകരിച്ച തീയതി	09.10.24
വൈകിയ കാലയളവ്	188 ദിവസം
ഈടാക്കേണ്ട പിഴ **PACx(0.1/100)X(വൈകിയ ദിവസങ്ങൾ/7)** **194702x**(.1/100)(188/7)	5229/-
ഈടാക്കിയത്	-
ഈടാക്കാൻ ബാക്കി	5229/-

മേൽ സൂചിപ്പിച്ച പ്രവൃത്തികളിൽ കരാർ കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ പിഴ ഈടാക്കാതിരുന്നതിന് വിശദീകരണവുമാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. പിഴ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-29 ആർ ട്രാക്കിന് വേണ്ടി 21 വാർഡുകളിലും തുക നൽകൽ - വിനിയോഗ വിവരങ്ങളില്ല

പദ്ധതിയുടെ പേര്	ആർ ട്രാക്കിന് വേണ്ടി 21 വാർഡുകളിലും തുക നൽകൽ
പദ്ധതി നമ്പർ	എസ് ഒ 155/24, എസ്ഒ 178/25
അടങ്കൽ	തനത് ഫണ്ട് – 63000/- രൂപ

ചെലവ്	തനത് ഫണ്ട് – 21000/-രൂപ, (ചെക്ക് നമ്പർ 691015912/12.7.24).

2024-2025 സാമ്പത്തിക വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ആർ ട്രാക്കിന് വേണ്ടി 21 വാർഡുകളിലും തുക നൽകൽ പദ്ധതിയിൽ അനുമതി ഉത്തരവ് നമ്പർ 216/8.7.24 പ്രകാരം 21000/- രൂപ പിൻവലിച്ചിട്ടുണ്ട്. ഈ തുക ആർക്ക് വിതരണം ചെയ്തുവെന്ന വിവരം ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. തുകയുടെ വിതരണ വിനിയോഗ വിവരങ്ങളാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻകുയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ തുക 21000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. തുകയുടെ വിനിയോഗ വിവരങ്ങൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.
ഓഡിറ്റ് എൻകുയറി നമ്പർ 27/3.10.25
തടസ്സപ്പെടുത്തുന്ന തുക – 21000/- രൂപ

1-30 ബഡ്സ് സ്കൂൾ- ചെലവ് രേഖകളിൽ അവ്യക്ത- തനത് ഫണ്ട് ചെലവിന്റെ കൃത്യത ബോധ്യമായില്ല

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ബഡ്സ് സ്കൂൾ പദ്ധതിയിൽ ഹാജരാക്കിയ രേഖകൾ പ്രകാരമുള്ള 05/24 ലെ ചെലവ് തുക പിൻവലിച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല.

പദ്ധതി	ബഡ്സ് സ്കൂൾ(SO141/25)
അടങ്കൽ	അടങ്കൽ – 1348201(വികസനഫണ്ട് പൊതുവിഭാഗം സാധാരണ വിഹിതം – 63446/-,തനത് ഫണ്ട് -283914/-, ബ്ലോക്ക് പഞ്ചായത്ത് വിഹിതം – 500841/- , ജില്ലാ പഞ്ചായത്ത് വിഹിതം – 500000/-
ചെലവ് സുലേഖ പത്രിക പ്രകാരം	ചെലവ് – 335969/-(വികസനഫണ്ട് പൊതുവിഭാഗം സാധാരണ വിഹിതം – 63446/-,തനത് ഫണ്ട് -272523/-)

ബഡ്സ് സ്കൂൾ പദ്ധതിയ്ക്കായി ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	മാസം/ചെലവ് വിവരം	തുക രൂപ)	ബിൽ / ചെക്ക് നമ്പർ
1	3/24, വേതനം ആയ – 18390X2 ടീച്ചർ - 32560X2 വാഹന വാടക – 18 ദിവസം @2500/ദിവസം -45000 ഉച്ച ഭക്ഷണം – 9200/- ലഘുഭക്ഷണം/ അനുബന്ധ സാധനങ്ങൾ – 2781/-	158881/-	ചെക്ക് നമ്പർ 193171/20.04.24
2.	4/24 വേതനം ആയ – 18390X2 ടീച്ചർ - 32560X2 വാഹന വാടക – 12 ദിവസം @2500/ദിവസം -45000 ലഘുഭക്ഷണം/ അനുബന്ധ സാധനങ്ങൾ	133914/-	ചെക്ക് നമ്പർ 499812/22.7.24

	– 2014/-		
3.	5/24 വേതനം ആയ – 18390X2 ടീച്ചർ - 32560X2 വാഹന വാടക – 14 ദിവസം @2500/ദിവസം -35000 ലഘുഭക്ഷണം/ അനുബന്ധ സാധനങ്ങൾ – 1709/-	138609/-	സാങ്ഷൻ ഓർഡർ നമ്പർ 387/26.10.24 ആയി ബിൽ പകർപ്പ് ഉണ്ടെങ്കിലും തുക പിൻവലിച്ചതിന്റെ ചെക്ക് നമ്പരും തീയതിയും ഇല്ല
4.	ഏതുമാസത്തേതെന്ന് രേഖപ്പെടുത്തിയിട്ടില്ല. വേതനം ടീച്ചർ 1- 32560/- ടീച്ചർ 2 -30886/-	63446/-	BRN 240305520016001995 15/9.5.24
		494850/-	

ക്രമ നമ്പർ ഒന്നിലെ 3/24 ലെ ചെലവ് സുലേഖ പത്രികയിൽ ഉൾപ്പെടുത്തിയില്ല. ഈ തുക മുൻവർഷ ക്യൂ ബിൽ ആണോയെന്നത് വ്യക്തമല്ല. ഈ തുക കിഴിച്ച് തൻവർഷ സുലേഖ പത്രിക പ്രകാരമുള്ള ചെലവ് – 335969/- രൂപ പിൻവലിച്ചതിന്റെ നിജസ്ഥിതി വ്യക്തമല്ലാത്തതിനാൽ സുലേഖ പത്രിക പ്രകാരമുള്ള തനത് ഫണ്ട് ചെലവിന്റെ കൃത്യത വ്യക്തമല്ല. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻകൃയറിക്ക് മറുപടി ലഭ്യമാക്കിയില്ല.
ക്രമ നമ്പർ 1 – 3/24 ലെ ചെലവ് തൻവർഷ സുലേഖ പത്രികയിൽ ഉൾപ്പെടുത്തേണ്ടതായിരുന്നുവോയെന്നും, ക്രമ നമ്പർ 3 സാങ്ഷൻ ഓർഡർ നമ്പർ 387/26.10.24 പ്രകാരമുള്ള ബില്ല് പിൻവലിച്ചിട്ടുണ്ടോയെന്നും 05/24 ലെ ചെലവ് നടന്നിട്ടുണ്ടോയെന്നുമുള്ള വിവരവും, ക്രമ നമ്പർ 4 ലെ ബിൽ പ്രകാരം പിൻവലിച്ച വികസനഫണ്ട് പൊതുവിഭാഗം സാധാരണ വിഹിതം ഏതു മാസത്തെ വേതനമാണെന്നുമുള്ള വിവരം രേഖകൾ സഹിതം അറിയിച്ച് ചെലവ് കണക്കുകളിലെ അവ്യക്തത പരിഹരിക്കേണ്ടതാണ്.
ഓഡിറ്റ് എൻകൃയറി നമ്പർ -20/29.09.2025

1-31 പഴയവെറ്റിനറി കെട്ടിടം എബിസി സെന്ററാക്കി മാറ്റൽ – എയർ കണ്ടീഷൻ, ഇലകക്ട്രിഫിക്കേഷൻ പ്രവൃത്തികൾ നടത്താത്തതിനാൽ കെട്ടിടം പ്രവർത്തിക്കുന്നില്ല

പഴയ വെറ്ററിനറി കെട്ടിടം എബിസി സെന്ററാക്കി മാറ്റൽ – കെട്ടിടം എയർ കണ്ടീഷൻ, ഇലകക്ട്രിഫിക്കേഷൻ എന്നിവയ്ക്കായി തുക വകയിരുത്തിയിരുന്നെങ്കിലും പ്രവൃത്തി നടത്താത്തതിനാൽ എബിസി സെന്റർ പ്രവർത്തിക്കുന്നില്ല.

നിർവ്വഹണോദ്യോഗസ്ഥൻ	അസിസ്റ്റന്റ് എഞ്ചിനീയർ
പ്രോജക്ട്, നമ്പർ	ഇളമ്പള്ളൂർ ഗ്രാമ പഞ്ചായത്ത് 2023-24 പഴയ വെറ്ററിനറി കെട്ടിടം എബിസി സെന്ററാക്കി മാറ്റൽ-(235/23-24,SO185/25)
അടങ്കൽ തുക	10,00,000/-രൂപ (ജില്ലാ പഞ്ചായത്ത് വിഹിതം -8,00,000/-, തനത് ഫണ്ട് – 2,00,000/-)
ചെലവഴിച്ച തുക(രൂപ)	504620/-രൂപ { തനത് ഫണ്ട്– 2,00,000/-രൂപ, ചെക്ക് നമ്പർ 784712/24.07.2024)} ജില്ലാ പഞ്ചായത്ത് വിഹിതം-304620/-രൂപ Bill Reuisition No.5035913601240014/7.2024 ചെക്ക് നമ്പർ -69101591/05.11.24 -276823/-രൂപ, സാങ്ഷൻ

	ഓർഡർ നമ്പർ -664/14.03.25= 66379/-രൂപ







മേൽ പ്രവർത്തിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ട് -The Project Has Been Proposed To Utilise The Old And Closed Vetenary Hospital As Animal Birth Control Centre In Elampalloor GramaPanchayat. The Estimate Has Been Drafted In Accordance With The Suggestions And Recommendations Of Vetenary Doctor In Charge.In This Estimate Including Furnishing Of Operation Theatre,Dog Shelter Room ,Store Room And Kitchen .

The Main Items Included Foundation Earth Work,RR Foundation Work,Solid Block ,Floor Tile,Dog Shelter ,Aluminium Sheet Roof Work , Repainting ,Painting And Tiling Building After Giving Necessary Repairs Like Refixing Windows , A Soak Pit Provision Also Has To Be Given.248000/-Lumpsum Amount Including For Electrical And Air Conditioning Work.

The Estimate Is Prepared As Per DSR 2018 Specification With Cost Index 1.3824 & Incorporating Contractors Profit & Overhead Charges. The Total Amount Of Estimate Comes To Rs.1000000/- And Funded By Own Fund 200000/- And District Panchayat Share 800000/-

എയർ കണ്ടീഷനിംഗിനും ഇലക്ട്രിഫിക്കേഷനും പദ്ധതിയിൽ തുക 248000/- രൂപ വകയിരുത്തിയിരുന്നെങ്കിലും തൻ വർഷം പ്രവൃത്തി ചെയ്തില്ല. 2025-26 വാർഷിക പദ്ധതിയിൽ എയർ കണ്ടീഷനിംഗിനും ഇലക്ട്രിഫിക്കേഷനും പദ്ധതി ആവിഷ്ക്കരിച്ചതായി എക്സിറ്റ് മീറ്റിംഗിൽ അറിയിച്ചു.അടിയന്തിരമായി എയർ കണ്ടീഷനിംഗ്, ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ പൂർത്തിയാക്കി എബിസി സെന്ററർ പ്രവർത്തിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻകൃയറി നമ്പർ 27/3.10.25

1-32 അഞ്ചു വീടുകൾക്ക് മാത്രമായി കണക്റ്റിവിറ്റിയില്ലാതെ റോഡ് കോൺക്രീറ്റ് പ്രവൃത്തി നടപ്പാക്കി


കേവലം അഞ്ചു വീടുകൾക്ക് മാത്രമായി രണ്ട് വശങ്ങളിലേക്കും ബന്ധിപ്പിക്കാതെ വാർഡ് തിരിച്ച് ചെറിയ അളവിലുള്ള റോഡ് നിർമ്മാണ പ്രവൃത്തി നടത്തി . ഒരു ഉദാഹരണം ചുവടെ ചേർക്കുന്നു.

നിർവ്വഹണോദ്യോഗസ്ഥൻ	അസിസ്റ്റന്റ് എഞ്ചിനീയർ
പ്രോജക്ട് നമ്പർ	വേലുത്തമ്പി നഗർ പാർവ്വതി സ്റ്റോർ റോഡ് കോൺക്രീറ്റിംഗ് - വാർഡ് 3-(S0099/25)
അടങ്കൽ തുക	ധനകാര്യ കമ്മീഷൻ ഗ്രാന്റ്–200000/-
ചെലവഴിച്ച തുക(രൂപ)	164059/- രൂപ (സാങ്ഷൻ ഓർഡർ നമ്പർ -591/06.03.25

വേലുത്തമ്പി നഗർ പാർവതി സ്റ്റോർ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തിയിൽ 44.5 മീറ്റർ നീളത്തിൽ ശരാശരി 3 മീറ്റർ വീതിയിൽ അഞ്ചു വീട്ടുകാരുടെ ഉപയോഗത്തിന് മാത്രമായി കണക്റ്റിവിറ്റിയില്ലാതെ മൂന്ന് വീടുകളുടെ മുന്നിൽ അവസാനിക്കുന്ന രീതിയിൽ റോഡ് നിർമ്മിച്ചതായി ഫയൽ പരിശോധനയിലും സ്ഥല പരിശോധനയിലും വ്യക്തമായി .ബഹു.ലോക്കൽഫണ്ട് അക്കൗണ്ട്സ്

കമ്മിറ്റിയുടെ 54ാമത് റിപ്പോർട്ടിന്മേലുള്ള മാർഗ്ഗ നിർദ്ദേശപ്രകാരം പുറപ്പെടുവിച്ച തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ റോഡു പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള 8-10-28ലെ M1-15136/17 നം സർക്കുലറിലെ നിബന്ധനയിൽ റോഡ് കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കേണ്ടതാണെന്നും ഒരു പഞ്ചായത്തിനെ ഒരു യൂണിറ്റായി വിലയിരുത്തി ദീർഘവീക്ഷണത്തോടെ പദ്ധതി ആസൂത്രണം ചെയ്യേണ്ടതും വാർഡ് അടിസ്ഥാനത്തിലുള്ള പദ്ധതി രൂപീകരണം നിരുത്സാഹപ്പെടുത്തേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.ഈ നിബന്ധന പാലിക്കാതെയാണ് ഗ്രാമപഞ്ചായത്തിൽ നിർമ്മാണപ്രവൃത്തികൾ നടത്തിവരുന്നത്.





റോഡ് കോൺക്രീറ്റിങ്ങുമായി ബന്ധപ്പെട്ട പദ്ധതികളിൽ വളരെ ചെറിയ അളവുകളിലും കണക്ടിവിടിയില്ലാതെയും കോൺക്രീറ്റ് റോഡുകൾ നിർമ്മിച്ചിട്ടുണ്ട്. കണക്ടിവിറ്റിയില്ലാതെ ചെറിയ അളവിൽ റോഡ് നിർമ്മിച്ചതിന് വിശദീകരണമാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. തുടർവർഷങ്ങളിൽ മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിച്ച് റോഡ് കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കി, പഞ്ചായത്തിനെ ഒരു യൂണിറ്റായി വിലയിരുത്തി ദീർഘവീക്ഷണത്തോടെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്.

ഓഡിറ്റ് എൻകൃയറി നമ്പർ 27/3.10.25

1-33 ഹെൽത്ത് ഗ്രാന്റ് അവലോകനം

പതിനഞ്ചാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം സംസ്ഥാനങ്ങളുടെ പ്രാഥമിക ആരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് 2021-22 സാമ്പത്തിക വർഷം മുതൽ ഹെൽത്ത്-ഗ്രാന്റ് അനുവദിച്ചുവരുന്നു. 2025-2026 കാലയളവ് വരെയാണ് ഇപ്രകാരം ഹെൽത്ത് ഗ്രാന്റ് അനുവദിക്കുന്നത്. ഗ്രാമപഞ്ചായത്തിന് 2021-22 മുതൽ 2024-25 വരെ സാമ്പത്തിക വർഷങ്ങളിലായി ലഭിച്ചതും ചെലവഴിച്ചതുമായ ഹെൽത്ത് ഗ്രാന്റിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഇനം	ലഭിച്ച ഹെൽത്ത് ഗ്രാന്റ്				ആകെ	ചെലവഴിച്ച ഹെൽത്ത് ഗ്രാന്റ്				ആകെ	ബാലൻസ്
	2021-22	2022-23	2023-24	2024-25		2021-22	2022-23	2023-24	2024-25		
Support For Diagnostic Infrastructure		210306	1182669	511299	1904274			542494	291908	834402	1069872
Grant For Rural Health & Wellness Centres		80895	479750	761863	1322508			250672	305307	555979	766529
Construction Of Building To Health Sub Centres											
ആകെ		291201	1662419	1273162	3226782			793166	597215	1390381	1836401

Support For Diagnostic Infrastructure എന്ന ഇനത്തിൽ ലഭിച്ച തുക ഉപയോഗിച്ച് സ്കീം-3 പ്രകാരമുള്ള പ്രവർത്തനങ്ങൾക്കായി നാളിതു വരെ ചെലവഴിച്ച തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

ക്രമനം	ഇനം	ചെലവഴിച്ച തുക				ആകെ
		2021-2022	2022-2023	2023-2024	2024-2025	
1	ഉപകേന്ദ്രങ്ങളിലും കുടുംബാരോഗ്യ കേന്ദ്രങ്ങളിലും രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ.			142013		142013
2	ഉപകേന്ദ്രങ്ങളിൽ 14 തരം ടെസ്റ്റുകളും പ്രാഥമിക					

	ആരോഗ്യ കേന്ദ്രങ്ങളിൽ 64 തരം ടെസ്റ്റുകളും ഏർപ്പെടുത്തുക.					
3	ഉപകരണങ്ങൾ, കിറ്റുകൾ, റീജന്റ് എന്നിവ വാങ്ങുന്നതിനും ഇവ സൂക്ഷിക്കുന്നതിനുമുള്ള സജ്ജീകരണങ്ങൾ ഏർപ്പെടുത്തുക.			253819	193448	447267
4	ഉപകരണങ്ങളുടെ മെയിന്റനൻസ്			146662	98460	245122
5	ലാബ് ടെക്നീഷ്യൻ, ഫീൽഡ് സ്റ്റാഫ് എന്നിവർക്ക് പരിശീലനം					
6	ലാബ് ഇല്ലാത്ത സ്ഥാപനങ്ങളിൽ പുതിയ ലാബ് ആരംഭിക്കൽ.					
	ആകെ			542494	291908	834402

Grant For Rural Health & Wellness Centres എന്ന ഇനത്തിൽ ലഭിച്ച ഗ്രാന്റുപയോഗിച്ച് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	ഇനം	ചെലവഴിച്ച തുക				ആകെ
		2021-2022	2022-2023	2023-2024	2024-25	
1	പകർച്ച വ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ.			13065	55105	68170
2	ഇന്റർനെറ്റ് ചാർജ്					
3	ബോധവൽക്കരണ ക്ലാസ്സുകൾ			22730	2050	24780
4	ജീവനക്കാർക്കും ആശാ വർക്കേഴ്സിനും ആരോഗ്യ പ്രവർത്തകർക്കും പരിശീലനം				6908	6908
5	ദൈനംദിന പ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണങ്ങളും സാമഗ്രികളും വാങ്ങുക,			214877	241244	456121
	ആകെ			250672	305307	555979

Construction Of Building To Health Sub Centres

ക്രമ നമ്പർ	ഇനം	ചെലവഴിച്ച തുക	2021-2022	2022-2022	2023-2024	2024-2025	ആകെ
1	Construction Of Building		0		0	0	0

2021-2026 കാലയളവിലേയ്ക്കാണ് ഹെൽത്ത് ഗ്രാന്റ് അനുവദിക്കുന്നത്. അതാത് വർഷം അനുവദിക്കുന്ന ഹെൽത്ത് ഗ്രാന്റ് പൂർണ്ണമായും വിനിയോഗിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ഹെൽത്ത് ഗ്രാന്റ് ഫലപ്രദമായി ഉപയോഗിക്കേണ്ടതുമാണ്.

1-34 ജൽജീവൻ മിഷൻ അവലോകനം

കേന്ദ്ര -സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സാങ്കേതിക സഹായത്തോടുകൂടി ജനപങ്കാളിത്തം ഉറപ്പാക്കികൊണ്ട് 2024 ആകുമ്പോഴേക്കും ഇന്ത്യയിലെ എല്ലാ ഗ്രാമീണ ഭവനങ്ങളിലും ശുദ്ധമായ കുടിവെള്ളം ആവശ്യാനുസരണം പ്രവർത്തനക്ഷമമായ ടാപ്പിലൂടെ ലഭ്യമാക്കുക എന്നുള്ള ദൗത്യമാണ് ജൽജീവൻ മിഷന്റേത്. ഈ പദ്ധതിക്ക് ആവശ്യമായ സാമ്പത്തിക സംവിധാനം 50% കേന്ദ്ര സർക്കാരും 25% സംസ്ഥാന സർക്കാരം 15% തദ്ദേശ സർക്കാരും ((ഗ്രാമ പഞ്ചായത്ത്) 10% ഗുണഭോക്താവും എന്ന നിലയിലാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്. ഗ്രാമ പഞ്ചായത്തുകളിൽ ജൽജീവൻ മിഷൻ നടപ്പിലാക്കിയ പദ്ധതിയിൽ കുടിവെള്ളം വീട്ടുമുറ്റത്ത് എത്തിക്കുന്നതിനുള്ള സാങ്കേതിക സഹായം നൽകിയത് നിർവ്വഹണ ഏജൻസിയായ കേരള വാട്ടർ അതോറിറ്റി ആണ് .

1. ഗ്രാമ പഞ്ചായത്ത് വിഹിതം നൽകിയിട്ടില്ല

2021-22 വർഷത്തിലും 2022-23 വർഷത്തിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതമായ 1500000/- രൂപ തനത്ഫണ്ടിൽ നിന്നും വകയിരുത്തിയിരുന്നു. തുടർന്ന് തനത് ഫണ്ടിന്റെ അപര്യാപ്തതമൂലവും

വാട്ടർഅതോറിറ്റിയിൽ നിന്നുള്ള ഡിമാന്റ് നോട്ടിസ് ലഭിക്കാത്തതിനാലും തുക നൽകിയിട്ടില്ല. മുൻ വർഷങ്ങളിലും യാതൊരു തുകയും ജൽജീവൻ മിഷനുമായി ബന്ധപ്പെട്ട് വാട്ടർ അതോറിറ്റിയിൽ ഒടുക്കിയിട്ടില്ല .എം.എൽ.എ ഫണ്ടിൽ നിന്നും ജലജീവൻമിഷനായി തുകയൊന്നും ലഭിച്ചിട്ടില്ല.

2. റോഡ് കട്ടിംഗ് റീസ്റ്റോറേഷൻ തുക വാട്ടർ അതോറിറ്റിയിൽ നിന്നും ലഭ്യമായിട്ടില്ല

ജൽജീവൻ മിഷൻ പദ്ധതി പ്രകാരം എല്ലാ വാർഡുകളിലും പൈപ്പ് ലൈൻ കണക്ഷൻ ലഭ്യമായിട്ടുണ്ടെങ്കിലും വാട്ടർ അതോറിറ്റിയിൽ നിന്നും റോഡ് കട്ടിംഗ് റീസ്റ്റോറേഷൻ ചാർജ്ജ് ഇനത്തിൽ തുക പഞ്ചായത്തിന് ലഭിച്ചിട്ടില്ല.

ഭാഗം -2
വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3
ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 ബഡ്സ് സ്കൂൾ - വാഹന വാടക അധികം നല്കി

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ബഡ്സ് സ്കൂൾ പദ്ധതിയിൽ വാഹന വാടകയിനത്തിൽ 7500/- രൂപ അധികം നല്കി.

	ബഡ്സ് സ്കൂൾ 2024-25 (New -72/25)
അടങ്കൽ	2180000/-(വികസനഫണ്ട് പൊതുവിഭാഗം സാധാരണ വിഹിതം – 1580000/-, ബ്ലോക്ക് പഞ്ചായത്ത് വിഹിതം – 600000/-)
ചെലവ്	1259299/-(വികസനഫണ്ട് പൊതുവിഭാഗം സാധാരണ വിഹിതം – 1259299/-)

ബഡ്സ് സ്കൂൾ പദ്ധതിയ്ക്കായി ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

ബിൽ നമ്പർ/തീയതി	തുക രൂപ)	മാസം/ചെലവ് വിവരം
BRN 24030552001600654917/10.9.24	384999/-	6/24 വേതനം ആയ – 18390X2 ടീച്ചർ1 - 1674/- വാഹന വാടക – 18 ദിവസം – 45000/- ബിസ്ക്കറ്റ് , പാൽ -2346 ആകെ -85800/-
		7/24 വേതനം ആയ – 18390X2 ടീച്ചർ- 32560X2 വാഹന വാടക – 55 ദിവസം – 55000/- ആകെ -156900/-
		8/24 വേതനം ആയ – 18390X2 ടീച്ചർ1 - 32560 +30459 വാഹന വാടക – 17 ദിവസം – 42500/- ആകെ -142299/-
BRN 24030552001600902764/14.11.24	136900/-	9/24

		വേതനം ആയ – 18390X2 ടീച്ചർ1 - 32560X2 വാഹന വാടക – 14ദിവസം – 35000/-
BRN 24030552001601030094/13.12.24	306300/	10& 11/2024 വേതനം ആയ – 36780X2 ടീച്ചർ - 65120X2 വാഹന വാടക –41 ദിവസം – 102500/-
BRN 24030552001601276034/04.02.25	281700/	12/2024&1/25 വേതനം ആയ – 36780X2 ടീച്ചർ1 - 65120 ടീച്ചർ 2 -63020/- വാഹന വാടക –34ദിവസം – 80000/-
.BRN 24030552001601421843/04.03.25	149400/-	2/25 വേതനം ആയ – 18390X2 ടീച്ചർ1 - 32560X2 വാഹന വാടക –18ദിവസം – 47500/-

ചെലവ് തുകകളുടെ കൃത്യത പരിശോധിക്കുന്നതിന് അറ്റൻഡൻസ്, വാഹന വാടകയുടെ വൗച്ചർ എന്നിവ ഹാജരാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻകൃയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ഹാജരാക്കിയ അറ്റൻഡൻസ് രജിസ്റ്റർ പ്രകാരം ബഡ്സ് സ്കൂൾ പ്രവർത്തിച്ച ദിവസങ്ങളേക്കാൾ ഓരോ ദിവസം കൂടുതലായി 6/24, 8/24, 9/24 മാസങ്ങളിൽ വാഹന വാടക നല്കിയിട്ടുണ്ട്. വിവരം ചുവടെ ചേർക്കുന്നു.

മാസം	വാഹന വാടക നല്കിയ ദിവസങ്ങളുടെ എണ്ണം/ തുക രൂപ)@2500/-	അറ്റൻഡൻസ് രജിസ്റ്റർ പ്രകാരം ബഡ്സ് സ്കൂൾ പ്രവർത്തിച്ച ദിവസങ്ങൾ, നല്കാവുന്ന തുകരൂപ)	
6/24	18/45000/-	17/42500/-	2500/-
8/24	17/42500/-	16/40000/-	2500/-
9/24	14/35000/-	13/32500/-	2500/-
ആകെ			7500/-

വാഹന വാടകയിനത്തിൽ ശ്രീ. ഷമീർ. എ ഡ്രൈവർക്ക് അധികം നല്കിയ 7500/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. തുക തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കേണ്ടതാണ്.
ഓഡിറ്റ് എൻകൃയറി നമ്പർ -20/29.09.2025
നിരാകരിക്കുന്ന തുക – 7500/- രൂപ

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 മെഡിസെപ്പ് പ്രീമിയം ഒടുക്ക് സംബന്ധിച്ച പരിശോധന

1.മെഡിസെപ്പ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)

ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയതുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
2024 ഏപ്രിൽ-16	16X500=8000	8000	0	
2024 മേയ്-16	16X500=8000	8000		
2024ജൂൺ-16	15X500=7500	7500		
2024ജൂലൈ-16	16X500=8000	8000		

2024ആഗസ്റ്റ്-16	16X500=8000	8000
2024സെപ്റ്റംബർ -17	17X500=8500	8500
2024ഒക്ടോബർ-15	15X500=7500	7500
2024നവംബർ -16	16X500=8000	8000
2024ഡിസംബർ -16	16X500=8000	8000
2025 ജനുവരി-17	17X500=8500	8500
2025ഫെബ്രുവരി-16	16X500=8000	8000
2025മാർച്ച്-16	16X500=8000	8000
ആകെ	96000	96000

(1-4-24 മുതൽ 31-3-25നുള്ളിൽ സർവീസിൽ പ്രവേശിച്ചിട്ടുള്ളവർ ഒഴികെ)

2.മെഡിസെപ്പ് പ്രീമിയം ഒടുക്ക് **(1-4-24മുതൽ 30-6-24-നുള്ളിൽ സർവീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)**

ജീവനക്കാരുടെ എണ്ണം	സർവീസിൽ പ്രവേശിച്ച മാസം	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (7/22മുതൽ അല്ലെങ്കിൽ 7/23മുതലുള്ള കുടിശ്ശിക ഉൾപ്പെടെ	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയതുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
ബാധകമല്ല					

3.മെഡിസെപ്പ് പ്രീമിയം ഒടുക്ക്(1/7/24മുതൽ സർവീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക(7/22മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതുൾപ്പെടെ)	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയതുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
ബാധകമല്ല				

4.മെഡിസെപ്പ് പ്രീമിയം ഒടുക്ക് **(1/8/24മുതൽ 31/3/25നുള്ളിൽ സർവീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)**

ജീവനക്കാരുടെ എണ്ണം	സർവീസിൽ പ്രവേശിച്ചമാസം	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (7/22മുതൽ അല്ലെങ്കിൽ 7/2024 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയതുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
ബാധകമല്ല					

4-2 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/തീയതി

2024-25	22/9/25, 23/9/25	കെ.എസ്.എ.കെ.എൽ.എം.പി.7/2071/25 തീയതി 31.10.2025

4-3 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക (രൂപ)	പ്രോജക്ടിന്റെ പേര്	ചെലവ് (രൂപ)	ബാലൻസ്
ബ്ലോക്ക് പഞ്ചായത്ത്	2024-25	420000/-	ലൈഫ് എസ്.സി- 138/25	42000/-	0
ബ്ലോക്ക് പഞ്ചായത്ത്	2024-25	160000/-	ലൈഫ് എസ്.സി- 143/25	160000	0
ബ്ലോക്ക് പഞ്ചായത്ത്	2024-25	1850000/-	ലൈഫ് ജനറൽ- 12/25	1850000	0
ബ്ലോക്ക് പഞ്ചായത്ത്	2024-25	100000/-	അനുപൂരക പോഷകാഹാര പദ്ധതി ജനറൽ- 1/25	100000	0
ബ്ലോക്ക് പഞ്ചായത്ത്	2024-25	400000/-	അനുപൂരക പോഷകാഹാര പദ്ധതി ജനറൽ-എസ്.സി.പി-2/25	400000/-	
ബ്ലോക്ക് പഞ്ചായത്ത്	2024-25	250000/-	ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ്-14/25	250000	0
ബ്ലോക്ക് പഞ്ചായത്ത്	2024-25	292339/-	പാലിന് സബ്സിഡി -57/25	292339/-	
ബ്ലോക്ക് പഞ്ചായത്ത്	2024-25	127250/-	ഞങ്ങളും കൃത്തിയിലേക്ക്-224/25	127250/-	
ബ്ലോക്ക് പഞ്ചായത്ത്	2024-25	133756/-	സമഗ്രനെൽകൃഷി-15/25	133756/-	
ജില്ലാപഞ്ചായത്ത്	2024-25	250000/-	ശാരീരിക മാനസ്സിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ്- 14/25	250000/-	0
ജില്ലാപഞ്ചായത്ത്	2024-25	78233/-	പാലിന് സബ്സിഡി -57/25	78233/-	
ജില്ലാപഞ്ചായത്ത്	2024-25	100000/-	അനുപൂരക പോഷകാഹാര പദ്ധതി ജനറൽ- 1/25	100000	0
ജില്ലാപഞ്ചായത്ത്	2024-25	100000	അനുപൂരക പോഷകാഹാര പദ്ധതി എസ്,സി2/25	100000	
ജില്ലാപഞ്ചായത്ത്	2024-25	340000	ലൈഫ് ജനറൽ- 11/25	340000	0
ജില്ലാപഞ്ചായത്ത്	2024-25	2405000	ലൈഫ് എസ്. സി-143/25	2405000	0
ജില്ലാപഞ്ചായത്ത്	2024-25	1850000/-	ലൈഫ് 2020 ജനറൽ- 12/25	1850000	0

4-4 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

2024-25 ൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ തുക നൽകിയിട്ടുണ്ട്. പ്രവൃത്തിക്ക് വേണ്ടി ചെലവഴിച്ചതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	ബിൽ നമ്പർ/ ചെക്ക് നം.	മുൻകൂർ നൽകിയ തുക (₹)	ചെലവഴിച്ച തുക (₹)	ചെലവഴിക്കാൻ ബാക്കിയുള്ള തുക (₹)
KSEB	പോസ്റ്റ് ഷിഫ്റ്റിംഗ്	079360/ DTD 4/42/24	19222/-	0	19222
മൈനർ ഇറിഗേഷൻ ഡിവിഷൻ കൊല്ലം	വിവിധ കൈത്തോടുകളുടെ സംരക്ഷണം	037272/ DTD6/11/24	2000000/-	0	2000000/-

4-5 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-6 സ്ഥിരനിക്ഷേപങ്ങൾ

വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം	₹5362500/-
തൻവർഷം നിക്ഷേപിച്ച തുക	₹0
ആകെ	₹5362500/-
തന്നാണ്ടിൽ പിൻവലിച്ച തുക	0
വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം	₹5362500/-

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

ക്രമ നം	സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്)	നിക്ഷേപിച്ച തിയതി	കാലയളവ്	തുക (₹)	റിമാർക്ക്സ്
1	സർവ്വീസ് സഹകരണ ബാങ്ക്, KUNDARA	5/4/24	12 മാസം	5362500/-	
ആകെ				5362500/-	

4-7 വായ്പ / വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിന് വായ്പയിനത്തിൽ 16163280/-രൂപ വരവുണ്ട്. മുൻബാക്കി 7700000/-രൂപയടക്കം 23863280/-രൂപയിൽ 10470000/-രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/ തിയ്യതി	വായ്പ തുക ₹	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി ഉണ്ടായിരുന്ന തുക ₹	തൻവർഷം തിരിച്ചടച്ച തുക ₹		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹
				മുതൽ	പലിശ	
LIFE	ലഭ്യമല്ല	16163280/- (RP 31 Current)	49689919/-(B 5 Previous)	5182487/-		60670712/- (തൻ വർഷ B 5 പ്രകാരം-59581592/-)*

*ഖണ്ഡിക 1-1-5 കാണുക.

4-8 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം ലഭിച്ച 10,450/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

റിപ്പോർട്ട് വർഷം	ഭാഗം/ ഖണ്ഡിക	ഈടാക്കിയ തുക₹	ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും	രസീത് നമ്പർ തീയതി
2012-13,2013-14	2-4	5000/-	എച്ച്.എം	1240102100/29-8-24
2021-22	1-24	5450/-	മാനേജർ	1240103015/23-10-24

4-9 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് റിപ്പോർട്ട് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2009-10	3-12	2012-13	3-1-5(12)	ബയോഗ്യാസ് പ്ലാന്റിന്റെ നിർമ്മാണം പൂർത്തികരിച്ചിട്ടില്ല	ലഭ്യമല്ല
2016-17	3-26	2017-18	1-2-1	ഫണ്ടുകളുടെ വിനിയോഗലക്ഷ്യം കൈവരിക്കുന്നതിൽ വീഴ്ച	ലഭ്യമല്ല

	2019-20	1-34	2020-21	2(4)	KWA DEPOSIT WORKബാലൻസ് തുക ഉപയോഗിച്ചുള്ള ഫൗണ്ടൻ നിർമ്മാണം	ലഭ്യമല്ല

4-10 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-11 ഓഡിറ്റ് പ്രത്യവലോകനം

എ) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	നഷ്ടമായ തുക (₹)		ഉത്തരവാദിയായ ആളുടെ പേരും/ ഉദ്യോഗപ്പേരും
	ചാർജ് ചെയ്യാവുന്നവ	സർചാർജ് ചെയ്യാവുന്നവ	
3-1		5000/-	ശ്രീമതി.ലക്ഷ്മി.ഡി, അസി.സെക്രട്ടറി
3-1		2500/-	ശ്രീ.അജിത്.എച്ച്, അസി.സെക്രട്ടറി

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക (രൂപ)	ഉത്തരവാദിയായ ആളുടെ പേരും/ഉദ്യോഗപ്പേരും
1-19	1146289/-	ഡോ.സ്മിത.ബി, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി
1-20	101979/-	ഡോ.രാജി, മെഡിക്കൽ ഓഫീസർ, ഹോമിയോ
1-21	50000/-	ശ്രീമതി.ഷീജാമോൾ.എൻ.ആർ, സെക്രട്ടറി
1-21	100000/-	ശ്രീമതി.ഷീജാമോൾ.എൻ.ആർ, സെക്രട്ടറി
1-21	2000000/-	ശ്രീ.വിജയൻ.എം, സെക്രട്ടറി
1-22	104250/-	ശ്രീ.വിജയൻ.എം, സെക്രട്ടറി
1-24	205800/-	ശ്രീമതി.ഷീജാമോൾ.എൻ.ആർ, സെക്രട്ടറി
1-26	75000/-	ശ്രീ.അജിത്.എച്ച്, അസി.സെക്രട്ടറി
1-29	21000/-	ശ്രീമതി.കാർത്തിക.എൽ.ആർ, അസി.എഞ്ചിനീയർ
ആകെ	3804318	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീമതി സ്മിത ബി (മെഡിക്കൽ ഓഫീസർ, പി.എച്ച്.സി)	എഫ്.എച്ച്.സി.കന്യാകുഴി, പെരുമ്പുഴ	ചെമ്പകശ്ശേരി, മങ്ങാട് .പി.ഒ
ഡോ.രാജി (മെഡിക്കൽ ഓഫീസർ ഹോമിയോ)	ലഭ്യമല്ല	ശ്രീകൃഷ്ണ മന്ദിരം,വൃന്ദാവൻ നഗർ-239,കടപ്പാക്കട പി.ഒ,കൊല്ലം

ശ്രീമതി.ഷീജാമോൾ.എൻ.ആർ(സെക്രട്ടറി)	സെക്രട്ടറി, ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്ത്	ഷീജാഭവൻ, നാവായിക്കുളം, തിരുവനന്തപുരം
ശ്രീ.വിജയൻ.എം(സെക്രട്ടറി)	ADP പാലക്കാട്	മനത്രവീട്,പടപ്പക്കര പി.ഒ,മുളവന
ശ്രീ.അജിത്. (അസി.സെക്രട്ടറി)	സെക്രട്ടറി, വോർക്കാടി ഗ്രാമപഞ്ചായത്ത് കാസർഗോഡ്	പാവൂർപടിഞ്ഞാറ്റതിൽ,ആലുംമൂട് പി.ഒ,കൊല്ലം
ശ്രീമതി.കാർത്തിക.എൽ.ആർ (അസി.എഞ്ചിനീയർ)	(അസി.എഞ്ചിനീയർ) മുഖത്തലബ്ലോക്ക്	പ്രിയ സദനം,പട്ടത്താനം.പി.ഒ കൊല്ലം
ശ്രീമതി.ലക്ഷ്മി.ഡി (അസി.സെക്രട്ടറി)	പുനലൂർ മുനിസ്സിപ്പാലിറ്റി കൊല്ലം	ദക്ഷിണ,ഞാറക്കൽ ,പെരിനാട്.പി.ഒ കൊല്ലം

4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് റിപ്പോർട്ട് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം
1996-97	കെ.എസ്.എ/കെ.എൽ.എം/പി-1/447(1)/23-03-2018
1997-98	കെ.എസ്.എ/കെ.എൽ.എം/പി-1/447(2)/23-03-2018
1998-99	കെ.എസ്.എ/കെ.എൽ.എം/പി-1/447(3)/23-03-2018
1999-00	കെ.എസ്.എ/കെ.എൽ.എം/പി-1/447(4)/23-03-2018
2000-01	കെ.എസ്.എ/കെ.എൽ.എം/പി-1/447(5)/23-03-2018
2001-02	കെ.എസ്.എ/കെ.എൽ.എം/പി-1/447(6)/23-03-2018
2002-03	കെ.എസ്.എ/കെ.എൽ.എം/പി-1/447(7)/23-03-2018
2003-04	കെ.എസ്.എ/കെ.എൽ.എം/പി-1/447(8)/23-03-2018
2004-05	കെ.എസ്.എ/കെ.എൽ.എം/പി-1/447(9)/23-03-2018
2005-06	എൽ.എഫ്.ക്യു.പി4/1360/14(15) തീയതി 23.06.14
2006-07	കെ.എസ്.എ.കെ.എൽ.എം.പി1/794(1)/19 തീയതി 10.6.19
2007-08	കെ.എസ്.എ.കെ.എൽ.എം.പി1/794(2)/19 തീയതി 10.6.19
2008-09	കെ.എസ്.എ.കെ.എൽ.എം.പി1/794(3)/19 തീയതി 10.6.19
2009-10	കെ.എസ്.എ.കെ.എൽ.എം.പി1/794(4)/19 തീയതി 10.6.19
2010-11 & 2011-12	കെ.എസ്.എ.കെ.എൽ.എം.പി7/1578/അദാലത്ത് 2010-11 & 2011-12/22 തീയതി 25.8.2022
2012-13 & 2013-14	കെ.എസ്.എ.കെ.എൽ.എം.പി7/1578/അദാലത്ത് (2) 2012-13 & 2013-14/22 തീയതി 25.8.2022
2014-15	കെ.എസ്.എ.കെ.എൽ.എം.പി7/അദാലത്ത് (3)/2014-15/1578/22 തീയതി 25.8.2022
2015-16	കെ.എസ്.എ.കെ.എൽ.എം.പി7/അദാലത്ത് (4)/2015-16/1578/22 തീയതി 25.8.2022
2016-17	കെ.എസ്.എ-കെഎൽ എം/പി1/ 1955/17 തീ 21-12-2017
2017-18	കെ.എസ്.എ-കെഎൽ എം/പി1-224/2019/1.4.2019
2018-19	കെ.എസ്എ-കെഎൽ എം/പി1-941/2020/16-11-2020
2019-20	കെ.എസ്എ-കെഎൽ എം/പി1/942/2020/16.03.2021
2020-21	കെ.എസ്എ-കെഎൽ എം/പി7/1331/22 – 16.03.2021
2021-22	കെ.എസ്എ-കെഎൽ എം/പി7/45/23 – 05-04-2023
2022-23	കെ.എസ്എ-കെ.എൽ.എം/പി7/1547/23 – 26.10.2023
2023-24	കെ.എസ്എ-കെ.എൽ.എം/പി7/1977/24 – 5/11/24

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 1(1) dated 25-07-2025 and submitted on 26-07-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Elampalloor Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Elampalloor Grama Panchayat as on 31-03-2025

Date: 31/10/2025 **Deputy Director**

Kerala State Audit Department

Audit Report appended to the Audit Certificate of Elampalloor Grama Panchayat for the Year 2024-2025.

1.Major Observations

nil

2.Other Observations

1. Net increase in cash and cash equivalence does not match with net cash generated by operating,investing and financing activity.

2.Notes on accounts ,Basic ratios were not attached along with AFS.

3.Depreciation statement has not been produced for verifying the depreciation amount 2442216/-.

4.Capital Work in progress amount in AFS does not match with the part bill amount of current year.

5.Loan amount to be repaid (60670712/-) does not match with current B5 shedule (59581592/-).

6.There is no provision in B-9 shedule for honararium,sitting fees for elected members and

provision for the salaries for temparary employees.

7.The OB,Receipt,Payment and CB of deposit received were not in agreement.

8.The details of amounts deposited in various implementing agencies could not be verified due to lack of supporting doccuments.

9.The clossing balance of CFC tied and basic as per e-gram portal does not match with ILGMS ledger concernd

10.There is no provision in B-15(a) for amount to be received.

11.Closing balance of Other Liability does not match with current B9 amount.

12.Capital contribution in B-3 shedule is same as that in 2023-24 AFS.

13.Amount of head code 310900101-Excess of income over Expenditure as per Trial balance and Balance sheet were not in agreement.

14.The demand of property tax on resedential and non residential buildings as per Sanchaya and I-1 shedule was not in agreement.

15.The expenditure of General Purpose Fund as per ACR and I-6 shedule were not in agreement.

16.The receipt of CFC Grant(Basic and Tied) As per RP30 and Grant statement was not in agreement.
17.General purpose fund expenditure as per ACR and AFS were mismatch
18.Urban Aglamaration fund Rs 2000000/-deposited in minor irrigation was not included in B -18 Shedule.

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-3
അനുബന്ധ പത്രികകൾ

1	റസീപ്റ്റ്&പേയ്മെന്റ് സ്റ്റേറ്റ് മെന്റ്	സംഷിപ്തം(Audited Abstract)
2	ഇൻകം&എക്സ്പെൻഡീച്ചർ സ്റ്റേറ്റ് മെന്റ്	
3	ബാലൻസ് ഷീറ്റ്	

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.